Fence eating the crops

By

VED from VICTORIA INSTITUTIONS

Since the dawn of our so-called independence, this nation of ours has become a nation catering to the convenience of the government employees with the rest of the people increasingly becoming a sort of serving class for them.

വിള തിന്നുന്ന വേലി

സ്വതന്ത്രം എന്ന് പൊതുവേ പറയപ്പെടുന്നകാലം തൊട്ട് നമ്മുടെ നാട്, ഒരു സർക്കാർ ജീവനക്കാർക്ക് വേണ്ടി മാത്രം നിലകൊള്ളുന്ന രാജ്യമായിക്കൊണ്ടിരിക്കുകയാണ്. സർക്കാർ ജീവനക്കാർ അല്ലാത്തവർ സർക്കാർ ഉദ്യോഗസ്ഥരുടെ ഒരുതരം സേവകർ ആയിക്കൊണ്ടിരിക്കുന്നു.

The writer of this article is using this medium as no other visible method is available to him to bring to the focus of the common man of the terrible exploitation and deliberate degradation that is happening to him.

ഈ ലേഖനത്തിന്റെ എഴുത്ത്കാരന് മറ്റ് യാതോരുമാർഗ്ഗമോ, മാധ്യമമോ ഇല്ലാത്തത് കൊണ്ടാണ്, ഈ നാട്ടിലേ സാധാരണക്കാരന് സംഭവിച്ച്കൊണ്ടിരിക്കുന്ന ആസൂത്രിതമായ അധ:പതനത്തിനെക്കുറിച്ച് പ്രതിപാദിക്കാൻ ഈ മാധ്യമം ഉപയോഗിക്കുന്നത്.

One of the most remarkable anomalous entities here is the gigantic white elephant called Government employees. The British had designated them as ‘public servants’; yet in reality they have now become a sort of ‘public masters’ since the coming of our independence. There are a lot of things that need to be brought into the limelight about them. I would like to do it here.

ഈ നാട്ടിലെ ഏറ്റവും ശ്രദ്ധിക്കപ്പെടാവുന്ന ഒരു വിരൂപതയാണ്, വെള്ളാനകളായ ഇവിടുത്തെ സർക്കാർ ഉദ്ധ്യോഗസ്ഥർ. ബ്യൂട്ടിഷുകാർ **പൊതുജനങ്ങളുടെ പണിക്കാർ** എന്നാണ് ഇവരെ നാമകരണം ചെയ്തിരുന്നത്. എന്നാൽ ഇന്ന് ഇവർ ജനങ്ങളുടെ യജമാനന്മാരായി മാറിയിരിക്കുകയാണ്. വ്യക്തതയിലേക്ക്കൊണ്ടുവരേണ്ടുന്ന പലകാര്യങ്ങൾ ഉണ്ട്. അതിന് ഇവിടെശ്രമിക്കുകയാണ്.

One of the most fascinating discrepancies is the feeling that unemployment in this nation is to be removed by posting more and more government employees. People in this nation are working in different fields and areas, like sales, construction, hotelliering, automobile, service industry, writing, computers, business, and much, much else. Yet, there is a class here who cannot think of these employments as honest work; rather for them these are all substandard work. Well, if it is so, the reasons are there in our languages, which degrade them.

ഇവിടുത്തെ ഏറ്റവും വികലമായ ചിന്തകളിൽ ഒന്നാണ് കൂടുതൽ കൂടുതൽ പേർക്ക് സർക്കാർ ജോലി നൽകികൊണ്ട് ഇവിടുത്തെ തൊഴിലില്ലായ്മ തീർക്കുക എന്നത്. സെയിത്സ്, കെട്ടിട നിർമ്മാണം, ഹോട്ടൽ പണി, വാഹനം, സർവ്വീസ് ഇന്റെസ്ട്രി, എഴുത്ത്, കംപ്യൂട്ടർ, ബിസിനസ്സ്, തുടങ്ങി പലമേഖലകളിൽ ആളുകൾ ജോലിചെയ്യുന്നു.

VICTORIAINSTITUTIONS
Deverkovil673508
India
admn@victoriainstitutions.com;
ved036@gmail.com
www.victoriainstitutions.com
Telegram:https://t.me/VI_Home/8

ഈ തൊഴിലുകളൊന്നും തന്നെ മാന്യവും, സത്യസന്ധവുമായ തൊഴിലുകൾ ആയി കാണാത്ത ഒരുവിഭാഗം ഇവിടെയുണ്ട്. ഇവയെല്ലാം തന്നെ വിലകുറഞ്ഞ തൊഴിലുകളായാണ് ഇവർ കാണുന്നത്. അങ്ങിനെയാണെങ്കിൽ, അതിന്റെ കാരണം നമ്മുടെ ഭാഷകളിൽ സ്ഥിതിചെയ്യുന്നു.

These wise guys can only work in a government office. The very word ‘work’ is a wrong term to use about them. For them government job does not mean work; it is rather what one would call a social position. Once they get this position, they are entitled to privileges that are fabulous by any means, and superb luxury in a nation like India, where majority find it hard to find a square meal a day.

ഈ ബുദ്ധിമാന്മാർക്ക്, സർക്കാർ ജോലിയെപറ്റുള്ളു. ഇവിടെ ജോലിയെന്ന് പറയുന്നത് തന്നെ തെറ്റാണ്. സർക്കാർജോലിയിൽ പ്രവേശിച്ചാൽ പിന്നെ അത് ജോലിക്ക് പകരം, ഒരു സാമുഹിക സ്ഥാനം ആയിമാറുന്നു. ഈനിലയിൽ ഒരാൾ എത്തിയാൽ, പിന്നെ ലഭിക്കുന്നത്, മാസ്മരികമായ സുഖങ്ങളും ഭാവങ്ങളുമാണ്. ഒട്ടുമുക്കാലും ആളുകൾ ഒരുനേരത്തെ ആഹാരത്തിന് വേണ്ടി നരകിക്കുന്ന ഈ നാട്ടിൽ, അവരുടെ കാര്യങ്ങൾ ചെയ്യാൻ ജോലിക്ക്നിർത്തിയിരിക്കുന്നവരുടെ മാനസികനിലവാരം ഇതാണ്.

Now, what makes this work of so marvellous features? Let us go into what a government employment in India means.

എന്തൊക്കെയാണ് ഈ തൊഴിലിന് മാസ്മരികഭാവം നൽകുന്നത്? ഇന്ത്യയിൽ സർക്കാർ തൊഴിൽ കൊണ്ട് എന്തൊക്കെയാണ് ഉദ്ദേശിക്കുന്നത? നമുക്കൊന്ന് നോക്കാം.

It starts right from the wages they are entitled to. To understand this, let me take the case of an ordinary carpenter in our nation. Ask any man, and he will say that they are charging an exorbitant wage. What is the usual daily wage for a carpenter? It ranges from Rs. 400/- to Rs. 600/- per day. My god, one would say, what an high wage for an ordinary physical labour. Even an agricultural worker, who works much harder, gets only around Rs. 400/- at the most in Kerala.

അവർക്ക് ലഭിക്കുന്ന കൂലിയിൽ നിന്ന്തന്നെ ഇതിന്റെ തുടക്കം കാണാവുന്നതാണ്. ഇത് മനസ്സിലാക്കുന്നതിന്, ഇവിടെയുള്ള ഒരുസാധാരണ ആശാരിയുടെ കാര്യം എടുക്കാം. ഏതൊരു ആളോടും ചോദിച്ചുനോക്കൂ. അവരുടെ കൂലി ഭയങ്കര അധികമാണ് എന്ന അഭിപ്രായമാണ് ലഭിക്കുക. ഒരു ആശാരിയുടെ ദിവസവരുമാനം എന്താണ്? 400 രൂപ മുതൽ 500 രൂപ വരെ. എന്റെ ദൈവമെ, ഒരു സാധാരണ കൂലിപ്പണിക്ക് ഇത്രയോ? ഒരു കർഷക തൊഴിലാളിക്കു പോലും വറും 300 രൂപയല്ലേയുള്ളു.

What does a carpenter earn in a month? If he works 25 days, he would at the most earn 600 X 25 = 15000, that is, if he takes no leave on any other day other than Sundays. Is this really possible? He will

have to take his children to school, to the doctor, there will be days when he himself is not well, and also days, when his wife is not well. Well, the most he can expect as an average over the various months would be roughly around Rs. 12000/- per month. Dose he have pension? No. Anything like bonus, earned leave, dearness allowance, gratuity, leave travel allowance and many other perks that a government employee is entitled to?

ഒരു മാസത്തിൽ ഒരാശാരി എത്ര വരുമാനം, ഉണ്ടാക്കും? മാസത്തിൽ 25 ദിവസം തൊഴിൽ ചെയ്യുകയാണെങ്കിൽ 600 X 25 = 15000 രൂപ. അതായത്, ഞായറാഴ്ച ഒഴികെ യാതോരു ഒഴിവും എടുക്കുകയില്ലെങ്കിൽ. ഇങ്ങനെ തൊഴിൽ ചെയ്യാൻ സാധ്യമാണൊ? കുട്ടികളെ സ്കൂളിൽ കൊണ്ടുപോകേണ്ടതായിട്ടുണ്ടാകും. സുഖമില്ലാത്ത അവസരങ്ങളിൽ വൈദ്യനെക്കാണേണ്ടതായിട്ടുണ്ടാകും. ഭാര്യക്ക് സുഖമില്ലാത്ത അവസരമുണ്ടാകും. അങ്ങിനെ നോക്കുമ്പോൾ അയാൾക്ക് ശരാശരി ലഭിക്കുന്നത്, ഒരുമാസത്തിൽ ഏറിയാൽ 12000 രൂപ. ഇയാൾക്ക് പെൻഷനുണ്ടോ? ഇല്ല. ബോണസ്, ഏണ്ട് ലീവ്, ഡീയർനസ്സ് അലവൻസ്, ഗ്രാറ്റുവിറ്റി, ലീവ് ട്രാവൽ എലവൻസ്, തുടങ്ങി ഒരു സർക്കാർ ജീവനക്കാരന് ലഭിക്കുന്ന യാതൊന്നും തന്നെ ഇയാൾക്ക് ലഭിക്കുന്നില്ല.

Nothing more. Does he get anything from the government? It is doubtful. Where does he send his children to? Well, he can afford only government schools, where again his children come under substandard teachers, who use mean, lower level words to his children in the local language. He feels that if he spends money on his children's education, and having them educated for some 18 long years, they would come out with great qualities. Actually what happens is that they come out with a lot of loaded respect for low standard persons who they are taught to call 'Mash', or 'Sar'. They don't have any standard in English. For, very cunning guys who don the mantle of cultural leaders have told them that English is the language of the imperialist, and that only Malayalam is good for them. That is English is bad. This is inserted in their brain by their teachers also, who themselves are bad in English.

ഇയാൾക്ക് സർക്കാരിൽ നിന്നും ഒന്നും ലഭിക്കുന്നില്ല. അയാളുടെ കുട്ടികളെ എവിടെയാണ് പഠിക്കാൻ അയക്കുന്നത്? അയാൾക്ക് സർക്കാർ സ്ക്കൂളുകളിലേക്ക് മാത്രമേ അയക്കാൻ പറ്റുകയുള്ളു. അവിടെവച്ച് തരംതാണ അദ്ധ്യാപകർ മലയാള ഭാഷയിലെ തരംതാണ പദങ്ങൾ അയാളുടെ കുട്ടികളോട് ഉപയോഗിച്ച് അവരുടെ മാനസികനിലവാരം തകർക്കുന്നു. അയാൾ തന്റെ കുട്ടികളെ പത്ത് പതിനെട്ട് വർഷം പഠിപ്പിച്ച് പണവും അവരുടെ സമയവും കളഞ്ഞാൽ എന്തോ കാര്യമായ ഗുണനിലവാരം കുട്ടികൾക്ക് കൈവരും എന്ന് കരുതുന്നു. എന്നാൽ യഥാർത്ഥത്തിൽ അവർ കുറേ അദ്ധ്യാപകരേയും, അദ്ധ്യാപികമാരേയും ബഹുമാനിക്കാനാണ് പഠിക്കുന്നത്. മാഷ്, സാർ എന്നൊക്കെയുള്ള ബഹുമാനപ്പേരോടുകൂടിയ പല അളുകളും അവരുടെ ജീവിതത്തിൽ നിലക്കൊള്ളുന്നു. ഇങ്ഗ്ലിഷിൽ നല്ല നിലവാരം ഈ കുട്ടികൾക്ക് കിട്ടുന്നില്ല. കാരണം, കുരുട്ടുബുദ്ധിക്കാരായ കുറേപ്പേർ സാംസ്കാരിക നായകന്മാർ എന്ന് സ്വയം വിശേഷിപ്പിച്ച്, അവരോട് ഇങ്ഗ്ലിഷ് ഇംപ്പീരിയലിസ്റ്റുകളുടെ ഭാഷയാണെന്ന് പറഞ്ഞിരിക്കുകയാണ്. ഇങ്ഗ്ലിഷ് നല്ലതല്ല മലയാളമാണ് അവർക്ക് നല്ലത്. ഇംഗ്ലീഷിൽ തീരെ പ്രാവീണ്യം ഇല്ലാത്ത അവരുടെ അദ്ധ്യാപകരും, ഇതുതന്നെ അവരിൽ വിജയകരമായി അടിച്ചേല്പിച്ചിരിക്കുന്നു.

18 years of education of the immense children (around 7 lakh students finish their 10 class in Kerala every year), is a solid waste for most of them. They are made to understand in the local feudal language, that certain jobs like that of Doctors, Engineers, Government officials and such others are big jobs, while the rest are low grade. The feudal quality of the Malayalam language fantastically allows this. The socially higher-ups including the government officials, are very cunning in this; they have the money at their deposal, with which they send their children to English schools. These children later try their best to immigrate to English nations, from where they lecture to the local Indians here as to what is their many faults.

പതിനെട്ട് വർഷം നീണ്ടുനിൽക്കുന്ന ഈ വിദ്യാഭ്യാസം ഒരു പരിപുർണ്ണ നഷ്ടമായിത്തന്നെ ഈ കുട്ടികൾക്ക് പരിണമിക്കുന്നു. ഈ വിദ്യാഭ്യാസത്തിൽ നിന്നും അവർക്ക് ലഭിക്കുന്നതോ, സ്വയം താഴ്ത്തപ്പെടുന്ന ഒരു മാനസികാവസ്ഥയും. ഇവിടെയുള്ള *കുടിയാൻ–ജന്മി* സ്വഭാവമുള്ള ഭാഷയിൽ ഡോക്ടർ, എൻജിനിയർ, സർക്കാർ ഉദ്യോഗസ്ഥൻ തുടങ്ങിയവർ വലിയവരാണന്നും മറ്റുള്ള തൊഴിലാളികൾ ഒരുതരം തരംതാഴ്ന്നവരാണെന്നുമൂള്ള ഒരു മാനസികാവസ്ഥ ഇവരിൽ വന്ന്ചേരുന്നു. മലയാളം പോലുള്ള ഫ്യൂഡൽ ഭാഷകൾക്ക് ഇങ്ങിനെയുള്ള ഒരു വികലമായ മാനസികാവസ്ഥയിൽ എളുപ്പത്തിൽക്കൊണ്ടെത്തിക്കാൻ സാധിക്കും. സമൂഹത്തിലെ ഉയർന്നവരും സർക്കാർ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ വളരെ കൂർമ്മബുദ്ധിയോടെ പ്രവർത്തിക്കുന്നു. അവരുടെ കൈയിൽ പണമുണ്ട്. അവർ തങ്ങളുടെ കുട്ടികളെ പണത്തിന്റെ ബലത്താൽ ഇങ്ഗ്ലിഷ് സ്ക്കൂളുകളിലേക്ക് പറഞ്ഞ് വിടുന്നു.ഈ കുട്ടികൾ എത്രയും പെട്ടന്ന് ഇങ്ഗ്ലിഷ് രാജ്യങ്ങളിലേക്ക് കടക്കാൻ ശ്രമിക്കുന്നു. അവിടെയെത്തിയാൽ അവിടെയിരുന്ന് ഇവിടെയുള്ള ഇന്ത്യക്കാരന്റെ പോരായ്മകളെപ്പറ്റി പ്രസംഗിക്കുന്നു.

Now let me come back to the Indian government official. They get fabulous salaries, and perks. There are many levels of government employment in India, where the total salary and perks come to between 60,000/- to 125000 rupees per month. Imagine the disparity, between a hardworking carpenter, earning Rs. 12000/- per month and to what these dacoits are earning.

നമുക്ക് ഇനി ഇവടെയുള്ള ഇന്ത്യൻ സർക്കാർ ഉദ്യോഗസ്ഥന്റെ കാര്യത്തിലേക്ക്തിരിച്ച് വരാം. അവർക്ക് ലഭിക്കുന്നത് വിസ്മയനിലവാരമുള്ള വേതനവും, ആനുകൂല്യങ്ങളുമാണ്. അറുപതിനായിരം മുതൽ ഒരുലക്ഷം രൂപ വരെ പ്രതിമാസ ആനുകൂല്യങ്ങൾ ഉള്ള പല സർക്കാർ വേതനക്കാരും ഇവിടെയുണ്ട്. രാവിലെമുതൽ വൈകുന്നേരം വരെ നിത്യേനെ അദ്ധ്വാനിക്കുന്ന ഒരു ആശാരിയും ഇവരും തമ്മിലുള്ള അന്തരം വളരെ വലുതല്ലേ? ഇവിടെ നടക്കുന്നത് തനി കൊള്ളയല്ലെ?

Many middle level government officials get around Rs. 20 to 45 thousand per month. Even a peon's wages could be around Rs. 15000/- per month. Where does the ordinary man stand in this scenario? Imagine the immense people working as salesmen and saleswomen in tens of thousands of shops in our state. What is their common level of wages? It may vary from 4000 to 8000. Very rarely more.

പല മദ്ധ്യനിലയിലുള്ള സർക്കാർ ഉദ്യോ ഗസ്ഥർക്കും ഇരുപത് മുതൽ നാല്പതിനായിരം രുപ വരെ ആനൂകൂല്യങ്ങളായി ലഭിക്കുന്നുണ്ട്. ഇവരുടെ അടുത്ത് എങ്ങിനെയാണ് ഒരു സാധരണക്കാരന് നില്ക്കാൻ സാധിക്കുക? നമ്മുടെ സംസ്ഥാനത്ത് കടകളിൽ ജോലിചെയ്യുന്ന പതിനായിരക്കണക്കിന് തൊളിലാളികളെക്കുറിച്ച് ചിന്തിക്കുക. അവരുടെ മാസവേതനം രണ്ടായിരം മുതൽ നാലായിരം രുപ മാത്രമായിരിക്കും. വളരെ അപുർവ്വമായേ അതിൽക്കൂടാറുള്ളു.

One of the significant facts to be borne in mind is that it was only very recently that the perks for the government employee became so exorbitant. Actually it was the 8th Pay Commission that started this legally sanctified loot.

ഈ അടുത്തകാലത്താണ് സർക്കാർ ഉദ്യോഗസ്ഥരുടെ വേതനത്തിൽ ഇത്രമാത്രം ഭീകരമായ ഉയർച്ചയുണ്ടായിട്ടുള്ളത്.

വാസ്തവത്തിൽ 8ാം പേ കമ്മിഷന്റെ വരവോടെയാണ് ഇത്രയും തുറസ്സായ കൊള്ളയടിതുടങ്ങിയത്.

In the feudal language of Malayalam, wherein one has to change each and every word of address, and reference depending on one's relative earning capacity and social position, where does the common man stand in comparison to even a government peon.

തികച്ചും ഫ്യൂഡൽ സാമൂഹിക കാഴ്ചപ്പാടുള്ള മലയാള ഭാഷയിൽ, ഒരുമനുഷ്യന്റെ വരുമാനത്തെയും സാമൂഹിക നിലവാരത്തെയും ആശ്രയിച്ചായിരിക്കും അയാളോടും അയാളെപ്പറ്റിയും ഉള്ള വാക്കുകൾ തിരഞ്ഞെടുക്കപ്പെടുന്നത്. ഇങ്ങനെയുള്ള അവസ്ഥയിൽ കേവലം ഒരു സർക്കാർ പ്യൂണിനോടു പോലും സ്വന്തം മാന്യത നിലനിർത്തിക്കൊണ്ട് സംസാരിക്കുവാൻ പോലും പ്രയാസമായിരിക്കും. ഇതാണ് സ്വതന്ത്ര ഭാരത്തിലെ സ്വതന്ത്ര പൗരന്റെ യഥാർഥ നിലവാരം.

Now what else? The salary itself is fabulous. Now let us go into the other aspects. In English nations, there is social security for everyone. For example in England, if one person is ill and cannot work, even then, he or she is entitled to social financial support till he or she is fit to work. In fact, everyone is entitled to a social security fund, if he or she is not financially fit. This is everyone's right. Not just the right of a few government employees,.

ഇനി വേറെ എന്തല്ലാം? വേതനം മാസ്മരികനിലവാരത്തിലുള്ളത്. നമുക്ക് മറ്റ് പല കാര്യങ്ങളിലേക്ക് കടക്കാം. ഇങ്ഗ്ലിഷ് രാഷ്ട്രങ്ങളിൽ ഏവർക്കും സാമുഹിക സംരക്ഷണം ഉറപ്പാണ്. ഉദാഹരണത്തിന്, ഒരാൾക്ക് തൊഴിലെടുക്കാൻ പറ്റാത്തരീതിയൽ ശാരീരികാവസ്ഥയുള്ളപ്പോൾ സർക്കാരിൽ നിന്നും സാമ്പത്തികസഹായം ലഭിക്കുന്നു. വാസ്തവത്തിൽ എല്ലാവർക്കും തന്നെ സോഷ്യൽ സെക്യൂറിറ്റി ഉറപ്പാണ്. കുറേ സർക്കാർ ഉദ്യോഗസ്ഥന്മാർക്കു മാത്രം വേണ്ടിയുള്ളതല്ല സോഷ്യൽ സെക്യൂറിറ്റി.

So it happens that over here, a government employee is entitled to a pension. None to the other persons in this nation, who also have been working in many fields, and not just loafing off their life and time. The pension is also fabulous. In fact, there are terrible scenes to be seen. An ordinary person, who has literally toiled for the whole of his life, finds that unless he fends for himself everyday till his death, he is literally always on the verge of disaster. At the same time, a neighbour of his, who has simply entertained himself as a government employee all his working life simply gets a royal pension, so that the former and his children are forced to eke their livelihood as the serving class of the later and his/her children.

ഇവിടെ എന്താണ് സംഭവിച്ച് കൊണ്ടിരിക്കുന്നത്? സർക്കാർ ഉദ്യോഗസ്ഥന് പെൻഷന് അവകാശമുണ്ട്. മറ്റ് പല മേഖലകളിൽ അധ്വാനിച്ച് രാജ്യത്തിന്റെ സമ്പദ്ഘടനയിൽ പങ്കുചേരുന്നവർക്ക് ഒന്നും തന്നെയില്ല. അവരെല്ലാം തന്നെ അവരുടെ ജീവിതകാലം മുഴുവൻ കളിച്ച് നടന്നു എന്ന ഭാവമാണ് സർക്കാർ ഉദ്യോഗസ്ഥർക്ക്. സമൂഹത്തിൽ വേദനയുളവാക്കുന്നതും, കഠിനവുമായ പല രംഗങ്ങളും കാണാവുന്നതാണ്. ജീവിതകാലം മുഴുവൻ അധ്വാനിച്ച് കഷ്ടപ്പെട്ട് ജീവിതകാലം തീർക്കുന്ന ഒരാൾക്ക് ജീവിതാന്ത്യത്തിൽ പിടിച്ച് നിൽക്കാൻ ഇവിടെയാതൊന്നും തന്നെയില്ല എന്നതാണ് വാസ്തവം. അതേസമയം സർക്കാർ ജോലി എന്ന തമാശയിൽ പങ്കെടുത്ത് സുഖിച്ച് രസിച്ച് ജിവിതം തീർത്ത അയാളുടെ അയൽക്കാരന് രാജകീയമായ പെൻഷനും മറ്റ് ആനുകുല്യങ്ങളും.ഈ മനുഷ്യനും, അയാളുടെ കുട്ടികളും, സമ്പന്നനായ അയൽക്കാരന്റെയും, മക്കളുടെയും സേവകവർഗ്ഗമായി ജീവിക്കാനണ് യോഗം.

Now what about the ways in which pension can be collected? All laws and rules are basically written by the government employees. The politicians who come to power for small periods of time are not able to control them, as they themselves are in very precarious conditions: fighting and struggling to keep themselves up.

ഇനി എന്തൊക്കെ മാർഗ്ഗത്തിലൂടെയാണ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും സമാഹരിക്കുക? നമുക്ക് നോക്കാം. എല്ലാ നിയമങ്ങളും ചട്ടങ്ങളും എഴുതിയുണ്ടാക്കുന്നത് ഉദ്യോഗസ്ഥരാണ്. കുറഞ്ഞ കാലയളവിലേക്ക് അധികാരത്തിൽവരുന്ന രാഷ്ട്രീയക്കാർക്ക് ഇതിൽ വലിയ പങ്കുവഹിക്കാൻ ആവില്ല. കാരണം അവരുടെ പ്രവർത്തനത്തിന്റെ സിംഹഭാഗവും തമ്മിലുള്ള പോരിന് വേണ്ടിയേ അവർക്ക് ചിലവഴിക്കാൻ ആവുകയുള്ളു. മാത്രവുമല്ല ഒട്ടുമിക്ക രാഷ്ട്രീയക്കാർക്കും ഉദ്യോഗസ്ഥരെപേടിയാണ്താനും.

The government employees with much cunningness have evolved a system called 'Commutation of Pension'. The earlier version of this was like this: After retirement, the total amount of pension for 15 years is totalled. The exact half of this is then calculated. A government employee can opt to take this amount in bulk at the commencement of his retired life. The only problem was that for the rest of his life, he would be entitled to only half pension per month. Now, this itself is a great anomaly. For one thing, only government employees are entitled to pension. Second, pension is to be given only as long as a person is alive. Here simply 15 years half pension is given in a lump. Third, the huge amount is taken from the public exchequer. This amount is actually meant for development and public service activities and not for squandering on public servants. Fourth, the common man has nothing with which he and his children can compete with the government employee financially. For, suddenly again, the government employee is flushed with funds, while the common man and his children are finding it hard to earn each rupee.

സർക്കാർ ഉദ്യോഗസ്ഥർ വളരെക്കരുതലോടുള്ള നീക്കങ്ങളോടുകൂടി നേടിയെടുത്തതാണ് കമ്മ്യൂട്ടേഷൻ ഒഫ് പെൻഷൻ. ഇതിന്റെ കുറച്ച്കാലം മുൻപ് വരെയുള്ള രൂപം ഇതായിരുന്നു: സർക്കാർ ജോലിയിൽ നിന്നും വിരമിക്കുമ്പോൾ, ആദ്യത്തെ 15 വർഷത്തെ മുഴുവൻ പെൻഷൻ തുകയും കൂട്ടുന്നു. എന്നിട്ട് അതിന്റെ നേരെപകുതി ഒന്നിച്ച് കൊടുക്കുന്നു. ഇങ്ങിനെ വാങ്ങിക്കുന്ന ആൾക്ക് ബാക്കി ജീവിത കാലം മുഴുവൻ പകുതി പെൻഷനെ കിട്ടുകയുള്ളു. ഇവടെ പലതരം തട്ടിപ്പുകളാണ് നടക്കുന്നത്. ഒന്നാമതായി സർക്കാർ ജീവ നക്കാർക്ക് മാത്രമെ പെൻഷൻ ഉള്ളു എന്നതും. രണ്ടാമതായി പെൻഷൻ അയാൾ ജീവിച്ചിരിക്കുന്ന കാലം മാത്രമേ കൊടുക്കേണ്ടതുള്ളു എന്നതും. ഇവിടെ 15 വർഷത്തെ പെൻഷൻ യാതോരു ലക്കുംലഗാനുമില്ലാതെ ഒരു നിസ്സാരം വരുന്ന ജനവിഭാഗത്തിന് നല്കുകയാണ്. മൂന്നാമതായി ഈ പണം സർക്കാർ ഖജനാവിൽ നിന്നാണ് എടുക്കുന്നത്. ഈ പണം, ഇവിടെയുള്ള ജനങ്ങളുടെ കാര്യങ്ങൾക്കും, വികസനകാര്യങ്ങൾക്കും വേണ്ടിയുള്ളതാണ്.അല്ലാതെ കൂറെ കാട്ട് കള്ളന്മാർക്ക് ധൂർത്തടിക്കാനുള്ളതല്ല. നാലാമതായിട്ട്, ഇവിടുത്തെ സാധാരണക്കാരനും മക്കൾക്കും ഉദ്യോഗസ്ഥരോടും അവരുടെ മക്കളോടും സാമ്പത്തികമായി കിടപിടിക്കാൻ ഒന്നും തന്നെ ലഭിക്കുന്നില്ല. കാരണം, സാധാരണക്കാരനും മക്കളും, ഒരു രൂപ നേടാൻ കഷ്ടപ്പെടുമ്പോൾ ഉദ്യോഗസ്ഥന്റെ കൈയിൽ പണം വന്ന് നിറയുകയാണ്.

Now this is the first part of this Commutation Nonsense. What comes next is more criminal. Earlier, it was found that most retired persons used to die before their 65th year. Now with more funds at their command, their retired life is still a fantastic time, with them living life as feudal lords. Very few were dieing even much after their 65th year. Now,

they had commuted only their 15 years pension. Why should they get only half pension after that 15 years. This was felt more, as they found many who had not opted for commutation enjoying full pension, while they got only half. The government employees make rules here. They changed rules. Now, if you commute your pension, after 15 years, you get full pension after the 15 years. Now, how may common citizens here know of commutation and all this later developments? I am sure most of the people do not have any idea what they are paying their own public servants. Whose is in charge? Who is allowing all this? Under whose authority?

കമ്മ്യൂട്ടേഷൻ എന്ന ശുദ്ധ ബോഷ്ക്കത്തരത്തിനെക്കുറിച്ചുള്ള ആദ്യഭാഗം ഇതാണ്. അടുത്തതായി വരുന്നത് കൂടുതൽ ദുഷ്ടതയുള്ളതാണ്. പെൻഷൻ പറ്റിയവർ 65 വയസ്സാകുമ്പോഴേക്കും പണ്ട് കാലങ്ങളിൽ മരണമടയുമായിരുന്നു. എന്നാൽ അമിതമായ സമ്പത്ത് വന്നപ്പോൾ അപൂർവ്വമായി ഈ മരണമടയൽ. അപ്പോഴാണ് അവർക്ക് വന്ന ഒരുനഷ്ടത്തേക്കുറിച്ച് അവർ ബോധവാന്മാരായത്. ഇനിയുള്ള ജീവിത കാലം അത്രയും പകുതിയേ പെൻഷനുള്ളു. കമ്മ്യൂട്ടേഷൻ എടുക്കാത്തവരെക്കാണുമ്പോൾ, ഇത് കൂടുതൽ അവരെ അലട്ടി. സർക്കാർ ഉദ്യോഗസ്ഥരല്ലെ നിയമങ്ങൾ ഉണ്ടാക്കുന്നത്. അവർക്ക് അത് മാറ്റാം. അവരത് മാറ്റി. ഇന്ന് കമ്മ്യൂട്ടേഷൻ ചെയ്യാം. 15 വർഷത്തിന് ശേഷം വീണ്ടും പെൻഷൻ തിരിച്ച് പഴയപടി അവർക്ക് കിട്ടുന്നു. സർക്കാർ ഉദ്യോഗസ്ഥർക്ക് ശമ്പളം കൊടുക്കുന്ന സാധാരണ ജനങ്ങളിൽ എത്ര പേർക്ക് ഇതിനെക്കുറിച്ച് അറിയാം. ആരാണ് ഇവിടെ നാഥനായിട്ടുള്ളത്? ഇത് ഒരു നാഥനില്ലാക്കളരിയാണോ? ആരാണ് ഈ കൊള്ളക്കെല്ലാം അനുവാദം നല്കുന്നത്? എവിടുന്ന് കിട്ടി ഈ അധികാരം?

I have seen many women working in very tragic circumstances, breaking stones, with their children tied in a bundle on their shoulders. What have they got from their government? Nothing. Is this an essential component of the freedom we are celebrating every year?

സ്വന്തം കുട്ടികളെ ചുമലിൽ ഒരു ഭാണ്ഠത്തിൽ കെട്ടിയിട്ട് കൊണ്ട്, കല്ല് പൊട്ടിച്ച് ജീവിക്കുന്ന സ്ത്രികളെ കണ്ടിട്ടുണ്ട്. അവർക്ക് സർക്കാരിൽ നിന്നും എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ? ഒന്നും തന്നെയില്ല. ഇതാണോ നാം നേടിയെന്ന് അഹങ്കരിക്കുന്ന സ്വാതന്ത്ര്യത്തിന്റെ മുഖമുദ്ര?

The next item: Go to a bank and seek a loan. If you are a government employee, well loans for almost everything, starting from refrigerator, computer and other small gadgetry to even building houses is available. This is the security that the fabulous pay and perks given to the public servant comes as fringe benefits. The sharp difference in attitude to an ordinary man over here, who is actually in more need for funds, is visible to anyone who has dared to approach a bank. In many cases, it may be said that most of banks simply exist for the benefit of the government employee and his dependants. The banks also find them as attractive customers, who come with solid security.

അടുത്ത കാര്യം. ഒരു ബാങ്കിൽ ചെന്ന് ഒരു ലോണിന് ശ്രമിച്ച്നോക്കു. നിങ്ങൾ ഒരു സർക്കാർ ഉദ്യോഗസ്ഥനാണോ, എങ്കിൽ ഫ്രിഡ്ജ്, കംപ്യൂട്ടർ, തുടങ്ങി എല്ലാവിധ സാധനങ്ങൾക്കും ലോണ് റഡി. ഇതാണ് അസാമാന്യമായ ശമ്പളവും മറ്റു ആനുകൂല്യങ്ങളും അമിതമായ സക്യൂറിറ്റിയായി ഇവർക്ക് വന്ന് ഭവിക്കുന്നത്. എന്നാൽ ഇതേആവശ്യത്തിനായി ബാങ്കിനെ സമീപിക്കാൻ ധൈര്യപ്പെടുന്ന ഒരു സാധാരണക്കാരന് കിട്ടുന്നതോ, തികച്ചും വിപരീതമായ അനുഭവവും. പലപ്പോഴും ഇവിടെയുള്ള ബാങ്കുകളും, സർക്കാർ ഉടമസ്ഥതയിലുള്ള മറ്റ് ധനകാര്യ സ്ഥാപനങ്ങളും നിലക്കൊള്ളുന്നത് തികച്ചും സർക്കാർ ഉദ്യോഗസ്ഥരുടേയും അവരുടെ ആശ്രിതരുടേയും മാത്രം കാര്യം നോക്കാനാണ് എന്ന് തോന്നും. മാത്രവുമല്ല, ബാങ്കുകൾക്കും ഇക്കൂട്ടരെ വളരെ സുരക്ഷിതരായ ഉപഭോക്താക്കളായും കാണാൻകഴിയും.

Many years ago, I did a minor enquiry on the type of students who reach professional colleges like Medical, and Engineering. At that time, engineering seat was also a prized one, not like now when it has reached standards of sheer immensity. I found that most of the students were the children of government employees. When I was taking English classes, I found the children of government employees, even peons, were better dressed, more confident, better fed, and also with better career possibilities. The children of others, especially of the working class, were simply bearing a lot inferiority complexes, and along with the burden of their lower financial status and lower level Malayalam words.

പണ്ടൊരിക്കൽ വെറുതേയൊന്ന് നിരീക്ഷിച്ചപ്പോൾ കണ്ടത് മെഡിക്കൽ കോളേജുകളിലും, മറ്റ് പ്രൊഫഷണൽ കോളേജുകളിലും, ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ സർക്കാർ ഉദ്യോഗസ്ഥരുടെ മക്കളാണ്. മാത്രവുമല്ല സമൂഹത്തിൽ മറ്റ് തൊഴിലുകാരെ അപേക്ഷിച്ച് ഇക്കൂട്ടരുടെ മക്കളാണ് വസ്ത്രധാരണത്തിലും വളർച്ചയിലും ആത്മവിശ്വാസത്തിലും മുന്നിൽ. ഇക്കൂട്ടർക്കായിരുന്നു എല്ലാവിധ ഉയർന്ന തൊഴിൽ സാദ്ധ്യതകളും. സാധാരണക്കാരന്റെ മക്കൾ മിക്കപ്പോഴും ഈപ്പറഞ്ഞകാര്യങ്ങളിലെല്ലാം തന്നെ പിൻപന്തിയിലാണ്.

Government employees are posted to seek to the welfare of the people and for making them better. Here what we find is that they have cornered almost all the funds, amenities, and resources of the nation.

സർക്കാർ ഉദ്യോഗസ്ഥരെ ഇവിടെ പോസ്റ്റ് ചെയ്തിരിക്കുന്നത് ജനങ്ങളുടെ സൗകര്യങ്ങൾ നോക്കാനാണ്. എന്നാൽ ഇക്കൂട്ടർ ഇന്ന് ഇവിടെയുള്ള എല്ലാവിധ സമ്പത്തുകളും സൗകര്യങ്ങളും കരസ്ഥമാക്കിയിരിക്കുകയാണ്.

Now, let me come to a very important part of our social living condition. The people of this state are using the Malayalam as their native language. This language has a lot negative aspects. This is actually an aspect of almost all Indian languages, as well as of most world languages other than certain languages like English.

ഇനി നമ്മുടെ സാമൂഹികഘടനയിലെ കാതലായ കാര്യം പറയട്ടെ. ഈ സംസ്ഥാനത്തിലെ ജനങ്ങൾ മലയാള ഭാഷയാണ് ആശയവിനിമയത്തിനായി ഉപയോഗിക്കുന്നത്. ഈ ഭാഷയിൽ ഒട്ടനവധി നിഷേധാത്മകമായ കാര്യങ്ങൾ അടങ്ങിയിരിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഇതേ നിഷേധാത്മകമായ കാര്യങ്ങൾ ലോകത്തിലെ മറ്റ് പല ഭാഷകളിലും ഉണ്ട്. ഇങ്ഗ്ലിഷ് പോലുള്ള കുറച്ച് ഭാഷകളിൽ ഇവയില്ല.

Our languages are very feudal in nature. Many words like ‘you, he, she, his, hers, their’, and immense connected words come with a variety of terms, each signifying differing social status. Each word also, contains codes that limit a person’s social limits, and other parameters of freedom.

നമ്മുടെ മിക്കവാറും എല്ലാ ദേശീയഭാഷകളും ജന്മി–കുടിയാൻ (ഫ്യൂഡൽ) സ്വഭാവം ഉള്ളവയാണ്. നമ്മുടെ ഭാഷകളിലെ നീ, അവൻ, അവൾ, അവന്റെ, തുടങ്ങി ഒട്ടനവധി വാക്കുകൾ വ്യത്യസ്ത സാമൂഹിക നിലവാരം, വയസ്സ്, തൊഴിൽ, മാനസികഭാവം, തുടങ്ങി പല കാര്യങ്ങളുടേയും അടിസ്ഥാനത്തിൽ പലരൂപത്തിൽ മാറുന്നു. ഈ ഒരോ വാക്കുകളും അതീവ വ്യത്യസ്തങ്ങളായ മാനസിക ഇഫക്റ്റുകൾ മനുഷ്യനിലും സമൂഹത്തിലും ഉണ്ടാക്കുന്നു. ഓരോ വാക്കിലും ഒരുമനുഷ്യന്റെ സാമൂഹിക അതിരുകളും, പരിമിതികളും, സൃഷ്ടിക്കുന്ന കോഡുകൾ ഉണ്ട്.

Now, what has been noticed is that in our state (and also in our nation), all the superior words are now in the custody of the government employees. In Kerala, the situation is much worse than in many other states.

ഇവിടെ ശ്രദ്ധിക്കേണ്ടുന്നകാര്യം നമ്മുടെ സംസ്ഥാനത്തിൽ (രാഷ്ട്രത്തിലും) ഭാഷയിലെ എല്ലാ ഉയർന്ന വാക്കുകളും ഇന്ന് സർക്കാർ ഉദ്യോഗസ്ഥർക്ക് വേണ്ടിയുള്ളതാണ്. താഴേക്കിടയിലുള്ള വാക്കുകൾ സാധാരണ ജനങ്ങൾക്കും. പല വടക്കനിന്ത്യൻ സംസ്ഥാനങ്ങളേയും അപേക്ഷിച്ച്, ഇക്കാര്യത്തിൽ കേരളത്തിലെ സാധാരണ ജനങ്ങളുടെ നിലവാരം വളരേപരിതാപകരമാണ്.

Earlier in the Malabar district of the erstwhile Madras state, the word ‘ningal’ was one of polite dignity, to be used in formal interaction, and also to government employees. When the Kerala state was formed, by amalgamating Malabar with Travancore-Cochin State, there was a sea-change in the social scenario. Travancore-Cochin state was still carrying on the encumbrances of its Monarchical social systems. In this area, the liberal social attitude brought in by the British administration in Malabar was absent. Instead a sort of *bowing to royalty* culture was prevalent. From here, a lot of intense feudal inputs entered the already *feudal-content-loaded* Malayalam of Malabar. Now, a very funny, yet terribly degrading communication system has come into practise and prevalence.

ബ്യൂട്ടിഷുകാരുടെ കാലത്ത് മലബാർ, മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. മലബാറിലെ മലയാളത്തിൽ *നിങ്ങൾ* എന്നവാക്ക് മാന്യമായ സംബോധനാ പ്രയോഗമായിരുന്നു. സർക്കാർ ഉദ്യോഗസ്ഥരോടും ഈ വാക്ക് തന്നെയായിരുന്നു ഉപയോഗിച്ചിരുന്നത്. എന്നാൽ മലബാറിനെ തിരു-കൊച്ചി സംസ്ഥാനങ്ങളോട് കൂട്ടിച്ചേർത്ത് കേരളം ഉണ്ടാക്കിയപ്പോൾ സാമൂഹ്യ-സംബോധനാ രീതികളിൽ കാര്യമായ മാറ്റങ്ങൾ സംഭവിച്ചു. തിരു-കൊച്ചി സംസ്ഥാനങ്ങൾ ബ്രിട്ടീഷ് ഭരണം അനുഭവിച്ചിട്ടില്ല. അവിടെയുള്ള രീതികൾ മുഴുവൻ തന്നെ രാജഭക്തിയുടേയും അതോടനുബന്ധിച്ച മറ്റ് കീഴ്‌വഴക്കങ്ങളുടേയും ആയിരുന്നു. ബ്യൂട്ടിഷ് ഭരണകാലത്തിന്റെ മുഖമുദ്രയായ ജനാധിപത്യ രീതികളൊന്നും തന്നെ തിരു-കൊച്ചി പ്രദേശങ്ങളിൽ ഏശിയിട്ടുണ്ടായിരുന്നില്ല. പകരം, ഉയർന്നവരോട് അമിതവും വ്യാജവുമായ ബഹുമാനങ്ങൾ കാട്ടി കാര്യം സാധിക്കുക എന്നതായിരുന്നു ഇവിടെ ഉരുത്തിരിഞ്ഞ് വന്ന സംബോധനാ രീതി. കേരളപ്പിറവിയോട്കൂടി ഇങ്ങിനെയുള്ള പലതരം സംബോധനാ രീതികളും മലബാറിലെ ഉയർന്ന നിലവാരങ്ങളിലും വന്ന് ചേർന്നിരിക്കുകയാണ്.

No government official can be addressed with a ‘ningal’, they have to be called ‘Sar’. They can address the ordinary public with a ‘ningal’ or a ‘nee’. What this forebodes is a very, very dangerous situation. For, as it is government officials are loaded with exquisite previlages, along with this comes the ancient feudal positioning that they are now claiming in language. Actually, in any civilised nation, the government official should naturally address the public with a ‘Sir’.

ഒരു സർക്കാർ ഉദ്യോഗസ്ഥനേയും, *നിങ്ങൾ* എന്നവാക്ക് കൊണ്ട് സംബോധന ചെയ്തുകൂട. *സാർ* എന്നേ സംബോധന ചെയ്തുകൂടു. സാധരണക്കാരനെ ഇക്കൂട്ടർ *നിങ്ങൾ* എന്നോ, *നീ* എന്നോ സംബോധന ചെയ്യുന്നു. ഇത് അപകടകരമായ ഒരു അവസ്ഥയിലേക്കാണ് നമ്മെയെത്തിക്കുന്നത്. കാരണം, സർക്കാർ ഉദ്യോഗസ്ഥർ സാമൂഹികമായ ഔന്നിത്യവും അധികാരവും സമ്പത്തും കൈക്കലാക്കിക്കൊണ്ടിരിക്കുകയാണ്. പോരാത്തതിന് ഭാഷയിലെ ഔന്നിത്ത്യവും അവർക്കാണ്. അവരോട് സാധാരണക്കാരന് സ്വന്തം മാന്യത നിലനിർത്തിക്കൊണ്ട് സംസാരിക്കാനോ വാദിക്കാനോ ആവാത്ത അവസ്ഥ വന്ന് കൊണ്ടിരിക്കുകയാണ്.

Now, what is a government official’s grade? Under the British instituted public services, the clerks are just to do the inner office work. Now they have taken over decision making. This would have been okay if the persons concerned were with enough calibre. It may be found that most government clerks are of very meagre knowledge, information and also very much lacking in English. The third factor has a terrible input, in that a person who does not know English, can imagine society in a very feudal manner. This person will naturally believe that he and his fellow government officials are superior beings; thus being the words they possess in Malayalam terminology.

ഇനി ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ നിലവാരം എന്താണ് എന്ന് നോക്കാം. ബ്യൂട്ടിഷ് ഭരണ സംവിധാനത്തിൽ, ഓഫീസർ ഏൽപിച്ചിട്ടുള്ള പണിചെയ്യുക എന്നതാണ് ക്ലാർക്ക്മാരുടെ ജോലി. തീരുമാനങ്ങൾ എടുക്കാനോ ജനങ്ങളുടെമേൽ അധികാരം കാട്ടാനോ അധികാരം ഉണ്ടായിരുന്നില്ല. ഇന്ന് അവരുടെ ഭാവം തന്നെ മാറിയിരിക്കുകയാണ്. സ്വന്തമായി ജനങ്ങളോട് ഇടപെട്ട് അവരെ പലവട്ടം നടത്തിക്കാൻ ഇക്കൂട്ടർക്ക് ആവും. പോരാത്തതിന് മിക്കവാറും ക്ലാർക്ക്മാർക്ക് വിവരം (അവരുടെ വകുപ്പിലെക്കാര്യങ്ങളിൽപ്പോലും), വളരെ വളരെക്കുറവാണ്. അതിനുമപ്പുറം ഇവർക്ക് ഇങ്ഗ്ലിഷ് പരിജ്ഞാനവും വളരെ പരിമിതമാണ്. ഇതാണ് ഇക്കൂട്ടത്തിൽ വച്ച് ഏറ്റവൂം കഠിനമായിട്ടുള്ളത്. കാരണം മലയാളത്തിൽ ചിന്തിക്കുന്ന ഒരു ഉദ്യോഗസ്ഥൻ സാമൂഹികാന്തരീക്ഷത്തെ തികച്ചും ജന്മി-അടിയാൻ സാമൂഹികാന്തരീക്ഷത്തിൽ മാത്രമേ കാണുകയുള്ളൂ. ഉദ്യോഗസ്ഥർ രാജപദവിയുള്ളവരാണെന്നും സാധാരണക്കാർ അവരുടെ കൂലിക്കാരുമാണ് എന്ന മാനസികരോഗം ഇവർക്ക് പെട്ടെന്ന് പടികൂടും. കാരണം മലയാള ഭാഷാപ്രയോഗങ്ങൾ അങ്ങിനെയുള്ളവയാണല്ലൊ.

Actually the so-called officer class in the government is only the IAS, IPS and such others. Here again, with the end of the 1970s, English standard was removed, so that a person with very meagre knowledge in English can become an IAS or IPS official. These persons really carry the very feudal mental mood that was literally removed with the coming of English. Beyond all this, the very Civil Service Exam is a very mediocre exam, which does not sieve and collect quality persons, but just persons who can mug up a lot of textbook information from standard textbooks.

യഥാർത്ഥത്തിൽ സർക്കാർ ഓഫീസർമാർ എന്ന് വിളിക്കപ്പെടേണ്ടവർ IAS, IPS തുടങ്ങിയവർ മാത്രമാണ്. എന്നാൽ ഇവരുടെ ഇടയിൽ പലനിലവാരത്തകർച്ചകളും വന്ന് കൊണ്ടിരിക്കുകയാണ്. 1970 കളുടെ അവസാനത്തോടെ ഇങ്ഗ്ലിഷിന്റെ പ്രാധാന്യം IAS പരീക്ഷയിൽ നിന്നും അപ്രത്യക്ഷമായി. അതോടെ ഇങ്ഗ്ലിഷിൽ വെറും തുച്ഛമായ വിവരമൂള്ളവരും IASകാരായി. ഇങ്ഗ്ലിഷ് വന്ന് തുടച്ച്മാറ്റിയ ഫ്യൂഡൽ ഭാവങ്ങൾ അതോടെ ഭരണത്തിന്റെ ഉന്നതങ്ങളിൽ വീണ്ടും തിരിച്ചെത്തി. മാത്രവുമല്ല, ഇന്നുള്ള സിവിൽ സേർവിസ് പരീക്ഷ തന്നെ തീരെനിലവാരം ഇല്ലാത്തതാണ്. ക്വാളിറ്റിയുള്ള ആളുകളെ അതിന് അരിച്ചെടുക്കാൻ സാധിക്കുന്നില്ല. ഈ പരീക്ഷയ്ക്ക് ആകെ ചെയ്യാൻ പറ്റുന്നത് കുറേ പാഠപുസ്തകങ്ങൾ മന:പ്പാഠമാക്കാനും അവ കടലാസിൽ എഴുതാനും കഴിവുള്ളവരെ കണ്ടുപിടിക്കലാണ്.

Now, I need to bring into focus another feature about our bureaucracy. That is, they all want intimidating words as their designation, so that ordinary people can be demanded to give more respect.

ഇനി നമ്മുടെ ഉദ്യോഗസ്ഥവർഗ്ഗത്തിന്റെ മറ്റൊരുസവിശേഷത കൂടി സൂചിപ്പിക്കട്ടെ. അവർക്കെല്ലാം തന്നെ മനുഷ്യനെ ഭയപ്പെടുത്തുന്ന ഔദ്യോഗിക സ്ഥാനപ്പേരുകൾ വേണം. അങ്ങിനെയുണ്ടെങ്കിലെ ആളുകളുടെ ബഹുമാനം കിട്ടുകയുള്ളു.

കാരണം, ബഹുമാനം കിട്ടാൻ ഉതകുന്ന യാതോരു കാര്യവും അവരിൽ അശേഷം ഇല്ല.

I can give a beautiful story that happened. When the British were ruling India, the land Registration department, in each state, was a very significant one. It was one of the main revenue accruing departments in the country. The head was known as the Inspector General of Registration. Since, the departure of the British, its significance has come down, and the IG is very much below the whole cadre of Indian Administrative Service officers. Yet, as the title of a head of a department, and because of its striking quality, it was used by the incumbents with ample pomp and pageantry.

സംഭവിച്ച സുന്ദരമായ ഒരു കഥ ഇവിടെപ്പറയാം. ബ്യൂട്ടിഷുകാർ ഭരിക്കുന്ന കാലത്ത് ഇവിടെയുള്ള സർക്കാർ വകുപ്പുകളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു റജിസ്ട്രേഷൻ വകുപ്പ്. സർക്കാരിന് വരുമാനം നൽകിയിരുന്ന വകുപ്പുകളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു ഈ വകുപ്പ്. ഈ വകുപ്പിന്റെ തലവന് ഇൻസ്പെക്ടർ ജനറൽ എന്ന സ്ഥനമായിരുന്നു. ബ്രിട്ടീഷുകാർ പോയതോടുകൂടി ഈ വകുപ്പിന്റെ പ്രാധാന്യം ഒട്ട് മുക്കാലും അപ്രത്യക്ഷമായി. ഇൻസ്പെക്ട്ടർ ജനറൽ ഓഫ് റജിസ്ട്രേഷൻ IAS കാരുടേതിനേക്കാൾ താഴെവരുന്ന പോസ്റ്റാണ്. എന്നിരുന്നാലും, ഇൻസ്പെക്ട്ടർ ജനറൽ എന്ന പേരിന് വളരെ ഘനഗാംഭീര്യമാണ്. കേട്ടാൽ ജനം ഞെട്ടും. ഈ സ്ഥാനത്ത് ജോലിചെയ്ത പലരും, ഈ പേര് വളരെ വിദഗ്ദമായി ഉപയോഗിച്ച് സായൂജ്യം നേടിയിട്ടുണ്ട്.

Now, during the British times, below the rank of the IG were the District Registrars. They were one in each district of the state. It so happened that the scheming bureaucrats in this department were very visibly discussing the possibility of getting more promotion opportunities, and someone suggested the need to have some official grade between the IG and the District Registrars. Actually, not for any need, but just for the heck of it, and also to improve the chance for promotion. What the bureaucrats need, they can get, for they do both the conspiring as well as its execution. One *Zonal Inspector* post was initiated in Trivandrum, the headquarters of Kerala State.

ബ്യൂട്ടിഷുകാരുടെ കാലത്ത് ഇൻസ്പെക്ടർ ജനറലിന് താഴെ വരുന്നതാണ് ജില്ലാ റജിസ്റ്റ്റാർമാർ. ഓരോ ജില്ലയിലും ഒരാൾ വീതം. ഈ എണ്ണക്കുറവ് പ്രമോഷനെ കാര്യമായി ബാധിച്ചിരുന്നു. എന്തെങ്കിലും ചെയ്ത് കുറേ ഉദ്യോഗക്കയറ്റങ്ങൾ ഉണ്ടാക്കാൻ ഇക്കൂട്ടർ സ്ഥിരോത്സാഹത്തിലായിരുന്നു. അങ്ങിനെയിരിക്കെയാണ് ആരോ ഒരാൾ ഇൻസ്പെക്ടർ ജനറലിനും ജില്ലാ റജിസ്റ്റാറിനുമിടയിൽ ഒരുപോസ്റ്റ്കൊണ്ട് വന്നാൽ പ്രമോഷൻ സാധ്യതകൾ കൂട്ടാൻ ഉതകുമെന്ന് കണ്ട്പിടിച്ചത്. ഉദ്യോഗസ്ഥർക്ക് വേണ്ടതെന്തും അവർക്ക് നേടാൻ എളുപ്പമാണ്. കാരണം ഗൂഢാലോചനയും നടപ്പിലാക്കലും അവർതന്നെചെയ്യുന്നു. തിരുവനന്തപുരത്ത് ഒരു സോണൽ ഇൻസ്പെക്ട്ടർ പോസ്റ്റ് അങ്ങിനെ വന്നു.

Now, one promotion chance was increased. But then there are others who are left out. So, again, conspiracy, and then execution. Three more posts were created after officially dividing the tiny state into three zones. Now, what happens? All the four officials need separate office, official vehicles, official phones, peons, lower division clerks, upper division clerks, superintendents and whole lot of other paraphernalia. Earlier a paper forwarded to the IG went straight to him, from the lower levels. Now, a lot of nitwits would sit over it to *study*, and wrap it in a vicious red tape.

അങ്ങിനെ ഒരാൾക്ക് പ്രമോഷൻ ലഭിച്ചു. പക്ഷേ ഗൂഢാലോചനയിൽ പങ്കെടുത്ത മറ്റുള്ളവർക്ക് യാതോരു മാറ്റവും സംഭവിച്ചില്ല. വീണ്ടും ഗൂഢാലോചനയും നടപ്പിലാക്കലും. ഈ ചെറിയ സംസ്ഥാനത്തെ മൂന്ന് സോണായ് തിരിച്ച് മൂന്ന് പോസ്റ്റുകൾ കൂടി സ്റിഷ്ടിക്കപ്പെട്ടു. അപ്പോൾ മൂന്നും ഒന്നും നാല് സോണൽ ഇൻസ്പെക്ടർമാർ. ഇനി എന്ത്? നാല് പേർക്കും നാല് ഓഫീസ്. സർക്കാർ വാഹനം, ഓഫീസ് ഫോൺ, ലോവർ ഡിവിഷൻ ക്ലാർക്ക്മാർ, അപ്പർ ഡിവിഷൻ ക്ലാർക്ക്മാർ, സൂപ്രണ്ട്മാർ, പ്യൂണുകൾ, അങ്ങിനെ അനവധി കാര്യങ്ങൾ. ജനങ്ങളെ സംബന്ധിച്ച് എന്ത് മാറ്റം സംഭവിച്ചു? ഇനിയിപ്പോൾ ഇൻസ്പെക്ടർ ജനറലിന് എത്തേണ്ടുന്ന ഒരു കടലാസ്, ഒരാഫിസ് കൂടെ കടന്ന് താഴെനിന്ന് ലോവർ ഡിവിഷൻ ക്ലാർക്കിൽ നിന്ന് തുടങ്ങി കുറേ ഭോഷ്ക്കന്മാരിലൂടെക്കടന്ന് വേണം എത്താൻ.

Now, so far so good. Yet, still a nagging feeling of a lingering doubt and misgiving. As I heard one bureaucrat saying, “The word *Zonal Inspector* sounds like the old *Sanitary Inspectors*”. During the British times, there was an Inspector from the Municipality, who would come and check all the latrines, both private as well as public, for any incidence of lack of neatness, which may give cause for infection and epidemic.

ഇത്രത്തോളം നല്ലത്. എന്നാൽ, ഇനിയൂം ഒരുവിഷമം. ഒരു ഉദ്യോഗസ്ഥൻ പറയുന്നത് കേട്ടു, ഈ സോണൽ ഇൻസ്പെക്ടർ എന്ന് പറയുമ്പോൾ പണ്ടത്തെ സാനിറ്ററി ഇൻസ്പെക്ടറെയാണ് ഓർമ്മവരുന്നത് എന്ന്. ബ്യൂട്ടിഷുകാരുടെ ഭരണസമയത്ത് പൊതുസ്ഥലങ്ങളിലെയും, വീടുകളിലേയും, ടോയ്ലറ്റുകളുടെ വൃത്തിപരിശോധിക്കാൻ നിയോഗിച്ചവരായിരുന്നു ഇക്കൂട്ടർ.

So, again conspiracy, and then execution. The name Zonal Inspector was changed to Deputy Inspector General. Now, it is very formidable title. Everyone is impressed, even though the incumbent may have the sneaky looks of a dacoit.

വീണ്ടും ഗൂഡാലോചനയും, നടപ്പിലാക്കലും. സോണൽ ഇൻസ്പെക്ടർ എന്ന പേർമാറ്റി ഡപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ എന്നാക്കി. ഇപ്പോൾ ഇത് ഒരു ഞെട്ടിപ്പിക്കുന്ന പേരായി. എല്ലാരും ഒന്ന് ഞെട്ടും. മാത്രവുമല്ല, വളരെ ശ്രദ്ധയും ആകർഷിക്കും.

The reader may bear in mind, that all these manoeuvres were just for the ego satiation of the bureaucrats, though the extravagant higher expenses it incurs are taken from the public coffers.

ഇവിടെ വായനക്കാരൻ ഓർക്കേണ്ടത് ഇവിടെനടന്ന അത്രയും കരുനീക്കങ്ങളൂം, കുറച്ച് ഉദ്യോഗസ്ഥന്മാരുടെ ദുരഭിമാനം കാക്കാൻ മാത്രമായിരുന്നു. ഇതിന് വരുന്ന എല്ലാ അധികച്ചിലവുകളും പൊതുഘജനാവിൽ നിന്നും, യാതോരു കൂസലുമില്ലാതെ ഉദ്യോഗസ്ഥർ ഉപയോഗിക്കുന്നു.

Now I have used the word ‘Sanitary Inspectors’. Actually during the British times, they were a very junior grade public servants, who were to inspect

both public as well as private toilets and see that they are well kept. I do not hear of 'Sanitary Inspectors' nowadays. Has this post been abolished? Or is it that they have changed their title and cunningly become some other inspectors? Who is in charge of Public Toilets? As it is there are no public convenience places in most towns. Is it because these officials actively see that these things do not exist, as a means to relieve themselves of proclaimed duty?

സാനിറ്ററി ഇൻസ്പക്റ്റർ എന്ന വാക്ക് ഈ ലേഖനത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ബ്യൂട്ടിഷ് കാലഘട്ടത്തിൽ പബ്ലിക്ക് ടോയിലറ്റുകളും, സ്വകാര്യ ഭവനങ്ങളുലെ ടോയിലറ്റുകളും വൃത്തിയുടെ കാര്യത്തിൽ പരിശോധിക്കാൻ നിയോഗിച്ചിട്ടുള്ളവരായിരുന്നു ഇക്കൂട്ടർ. ഇക്കാലങ്ങളിൽ ഇക്കൂട്ടരെക്കുറിച്ച് കേൾക്കാനെയില്ല. ഇന്ന് ഈപോസ്റ്റേയില്ലേ? അതോ, ഇവരുടെ പേരും മാറ്റി ഇവർ മറ്റ് വല്ല ഇൻസ്പക്റ്റർമാരും ആയോ? ഇന്ന് പബ്ലിക്ക് ടോയിലറ്റുകൾ ആരാണ് പരിശോധിക്കുന്നത്? വാസ്തവത്തിൽ മിക്ക പട്ടണങ്ങളിലും പബ്ലിക്ക്ടോയിലറ്റുകൾ ഇല്ല തന്നെ. ഇതിന്റെ കാരണം, ഈ ഉദ്യോഗസ്ഥർ ഇത് നിരുത്സാഹപ്പെടുത്തുന്നത് കൊണ്ടാണോ?

With the coming of independence, who got freedom? The so-called freedom was only for the bureaucrats.

സ്വാതന്ത്ര്യത്തിന്റെ വരവോടെ ആർ സ്വതന്ത്രരായി? ഇവിടെയുള്ള ഉദ്യോഗസ്ഥ വർഗ്ഗം.

It has been found that many Taluk level posts like Taluk Sales Tax officer, Taluk Agriculture Officer etc. are now renamed as Assistant Commissioner and Assistant Director etc. What good does it do for the general public, is a moot question. For, the public pays for service, not of having persons to respect, and bow to. The more terrible is the title, the more terrible is the behaviour of low grade bureaucrats who don these titles.

എല്ലാ ഉദ്യോഗസ്ഥരും, അവരവരുടെ പേരുകൾ മാറ്റുകയാണ്. താലൂക്ക് നിലയിലുള്ള താലൂക്ക് സെയിത്സ് ടാക്സ് ഓഫീസർ, താലൂക്ക് ആഗ്രികൾച്ചർ ഓഫീസർ, തുടങ്ങിയവർ അസിസ്റ്റന്റ് കമ്മീഷണർമാരും, അസിസ്റ്റന്റ് ഡയറക്റ്റർമാരുമായി മാറുകയായി. ഇത്കൊണ്ടൊക്കെ ജനങ്ങൾക്ക് എന്താണ് ഗുണം എന്ന ചോദ്യം അവശേഷിക്കുന്നു. ഇവിടെ ജനങ്ങൾ ശമ്പളം നല്കുന്നത് ബഹമാനിക്കാനും കുനിയുവാനും കുറേപ്പേരെക്കിട്ടാനല്ല. മറിച്ച് ഇരുന്ന് പണിയെടുക്കുവാനാണ്. താഴേക്കിടയിലെ കറേ ഉദ്യോഗസ്ഥരുടെ തൊഴിൽപ്പേരുകൾ ഇങ്ങിനെ കഠിനമാക്കുമ്പോൾ അവരുടെ ദുരഭിമാനം അധികരിക്കുയും പെരുമാറ്റം ദുഷിച്ചതുമാകുകയുമാണ് ചെയ്യുന്നത്.

Now let us see the Police. Policemen and women should be persons of very good quality and English knowledge. For they are to possess very great responsibilities and powers to deal in emergencies. Otherwise it the common man who is going to suffer. The police constable now in India, is actually designated as a '*sipai*' or peon. The type of persons who are taken as constables are also of this mental grade. They are treated in this level by their senior officials. Yet, these are the very persons who are to question and interact with the common man. Imagine the plight of the common man in India, when he is communicated to as '*nee*', '*avan*', '*aval*' by the 'sipai' level police constable.

ഇനി നമുക്ക് പോലീസുകാരുടെ കാര്യം എടുക്കാം. പോലീസുകാർ (പുരുഷന്മാരും, വനിതകളും) നല്ല നിലവാരമുള്ളവരും, ഇങ്ഗ്ലിഷിൽ നല്ലപരിജ്ഞാനമുള്ളവരുമായിരിക്കണം. കാരണം അവർക്ക് വളരേയധികം ഉത്തരവാദിത്വങ്ങൾ ഉണ്ട്. അല്ലെങ്കിൽ ഈ നാട്ടിലെ ജനങ്ങൾ വലയും. ഇന്ത്യയിലെ പോലീസുകാരെ *സിപായി*, അഥവാ പ്യൂണ് എന്ന ജോലിപ്പേരിലാണ് ഗ്രെയ്ഡ് ചെയ്തിട്ടുള്ളത്. ഈ തൊഴിലിൽ ചേരുന്ന മിക്കവരും ഈ നിലയിലുള്ള മാനസികാവസ്ഥ ഉള്ളവരാണ്. അവരോട് അവരുടെ ഉയർന്ന ഉദ്യോഗസ്ഥരും ഇതേ നിലയിൽ പെരുമാറുന്നു. എന്നാൽ ഈ നാട്ടിലെ സാധാരണ ജനങ്ങളോട് നിത്യം സംസാരിക്കേണ്ടവരാണ് ഇക്കൂട്ടർ. *നീ* യെന്നും, *അവനെ*ന്നും, മറ്റുമായ വിലക്കുറഞ്ഞ രീതിയിൽ ഇക്കൂട്ടർ സംബോധന ചെയ്യുമ്പോഴും വിശേഷിപ്പിക്കുമ്പോഴും ഈ നാട്ടിലെ ജനങ്ങളുടെ നില പരിതാപകരമായ നിലകളിലേക്ക് താഴ്ത്തപ്പെടുന്നു. പ്രത്യേകിച്ചും ഇക്കൂട്ടർ നിലവാരം കുറഞ്ഞ പോലീസുകാരാകുമ്പോൾ.

The senior police officials also address the constable with these words. This conditioning is continued down to reach the treatment met out to the common man. In fact, the present day standard of the common Indian is much below that of the 'sipai' level police constable. If this is the so-called freedom earned by Indians, then it is a very pitiable level of freedom.

സീനിയർ പോലീസ് ഉദ്യോഗസ്ഥരും പോലീസ് സിപായിമാരെ ഇതേ വാക്കുകൾകൊണ്ടാണ് സംബോധന ചെയ്യുന്നത്. മുകളിലോട്ട് *സാറും*. ഇങ്ങിനെ വരുമ്പോൾ ഈ നാട്ടിലെ സാധാരണക്കാരന്റെ നിലവാരം ഒരു സിപായിയെക്കാളും താഴോട്ട് പോകുന്നു. ഇതാണ് ഇന്ത്യക്കാരൻ നേടിയെടുത്ത സ്വാതന്ത്ര്യമെങ്കിൽ, സ്വാതന്ത്ര്യം എന്നത് വളരേ പരിതാപകരമായ ഒരവസ്ഥയാണ്.

Every job that has to interact with the police constable and Inspector has been degraded. They can only address a person with a 'nee' and refer with a 'avan' and 'aval'. Imagine the quality of persons who can then function at this level of communication. It is very difficult for any man with some level of self-respect to work as a commercial driver. Only persons who can bear and like the lower level words can exists in these professions, which actually require persons of good calibre and social sense. For, automobiles are powerful machines that require such persons to manoeuvre them through the busy roads and complex traffic designs and requirements.

പോലീസുകാരോട് ഇടപഴകേണ്ടുന്ന എല്ലാ തൊഴിലുകളും തരംതാഴുകയാണ്. കാരണം അവർക്ക് ആളുകളെ *നീ* യെന്ന് സംബോധനചെയ്യാനും, *അവൻ*, *അവൾ* എന്നൊക്കെ വിശേഷിപ്പിക്കാനും മാത്രമേ ആവുകയുള്ളു. ഇങ്ങനെയുള്ള സാമൂഹിക നിലയിലേക്ക് തരംതാണ് ജീവിക്കാൻ ഇഷ്ടപ്പെടുന്നവരുടെ മാനസിക നിലവാരത്തെപ്പറ്റി ചിന്തിച്ചുനോക്കൂ. ഒരു മാന്യനായ മനുഷ്യന് ഒരു ടാക്സി ഡ്രൈവറോ മറ്റോ ആയി തൊഴിൽ ചെയ്ത് ജീവിക്കാൻ വളരെ മന:പ്പ്രയാസം നേരിടും. തരംതാണ സംബോധനാ രീതികൾ സ്വീകരിക്കാൻ മാനസികാവസ്ഥയുള്ളവർക്ക് മാത്രം പ്രവർത്തിക്കാൻ പറ്റുന്ന നിലകളിലേക്ക് ഇങ്ങിനെ പല തൊഴിലുകളും തരംതാഴ്ന്നിരിക്കുകയാണ്. എന്നാൽ വാസ്തവത്തിൽ കമേർഷ്യൽ ഡ്രൈവിങ്ങ് പോലുള്ള പലതൊഴിലുകളിലും അതീവ വിവരവും, സമാന്യബോധവുമുള്ള ആളുകളെ അത്യന്താപേക്ഷതിതമാണ്. എന്നാൽ അങ്ങനെയുള്ളവർ ഒരു കാരണവശാലും ഇത്യാദി തൊഴിലുകളിൽ വരാൻ ധൈര്യപ്പെടില്ല.

When talking about police, there is another very important matter to be discussed here. This is the fact that no policeman has been given the right to beat any citizen of this nation by any constitutions, or statutory law; they can only use force when anyone with criminal intentions are resisting arrest. They have no right to beat or to use abusive words, or for that matter such degrading words like 'nee' etc. to a citizen of this nation. If this is allowable, then there is no meaning in claiming that we are a free nation of persons with individuality.

പോലീസിനെക്കുറിച്ച് പറയുമ്പോൾ മറ്റൊന്ന് കൂടിപ്പറയാനുണ്ട്. പോലീസുകാർക്ക് ആരേയും അടിക്കുവാനോ, അസഭ്യം

പറയാനോ അവകാശമില്ല. അതിന് യാതോരു ഭരണഘടനയോ നിയമമോ അനുവദിക്കുന്നില്ല. ഈ നാട്ടിലെ ഒരു സ്വതന്ത്ര പൗരനെ *നീ* യെന്ന് സംബോധന ചെയ്യാനോ അവകാശമില്ല. ഇതൊക്കെ അനുവദിക്കാമെങ്കിൽ, നമ്മൾ വ്യക്തിത്വമുള്ള ഒരു സ്വതന്ത്ര ജനതയാണെന്ന് അവകാശപ്പെടുന്നതിൽ യാതോരു അർത്ഥവുമില്ല.

Here what is to be understood is that the policemen beat and use abusive manners just because they are not having the calibre to use higher level of interaction and techniques of investigation. Then the natural question comes of how they can interact in English with the citizens here, when the citizens themselves do not know English. This brings us to a most interesting fact about Indian Educators. These so-called shallow experts were very keen that only their children should learn English. It was in their narrow interest to see that the children of the common Indian is not getting access to proper English. This very mentality is a common feature of many prominent Indians, who do not want to share any advantage they have with other Indians. What they fear is that if the other Indians are allowed to learn English, they and their children would naturally lose the respect that they were claiming from other Indians. This very negative mentality itself has brought many curses on our nation.

ഇവിടെ മനസ്സിലാക്കേണ്ടുന്നത് പോലീസുകാർ അടിക്കുകയും അസഭ്യം പറയുകയും ചെയ്യുകയാണെങ്കിൽ അതിന്റെ ഏറ്റവൂം മിതമായ അർത്ഥം അവർക്ക് ഉയർന്ന രീതിയിലുള്ള പെരുമാറ്റങ്ങളും അന്വേഷണമാർഗ്ഗങ്ങളും അറിയില്ലാ എന്നാണ്. ഇവിടെ തികച്ചും ന്യായമായ ഒരു ചോദ്യം ഉദിക്കും. ജനങ്ങൾക്ക് തന്നെ ഇങ്ഗ്ലിഷും അതിലേ സരളമായ പെരുമാറ്റരീതികളും അറിയാതിരിക്കെ എങ്ങിനെയാണ് പോലീസുകാർ അവരോട് ഈ ഭാഷയിലും അതിലെ ലോലരീതികളിലും പെരുമാറുക? ഈ ചോദ്യം നമ്മെ ഇന്ത്യൻ വിദ്യാഭ്യാസ വിദഗ്ദരെക്കുറിച്ചുള്ള വളരെ കഠിനമായ ഒരു സത്യത്തിലേക്ക് നയിക്കും. ഈ പൊങ്ങച്ചക്കാർ അവരവരുടെ കുട്ടികൾ മാത്രം ഇങ്ഗ്ലിഷ് പഠിക്കണം എന്ന് കണ്ടുപിടിച്ചു. ഈ നാട്ടിലെ മറ്റുള്ളവരുടെ കുട്ടികൾ ഇങ്ഗ്ലിഷ് പഠിക്കുന്നത് അവരവർക്കും ഈ നാട്ടിനും നല്ലതല്ല എന്ന് വരെ അവർ കണ്ട് പിടിച്ചു. ഈ മാനസികാവസ്ഥ ഇന്ത്യയിലെ പല ഉയർന്നവർക്കും ഉണ്ട്. അവരുടെ ഏറ്റവും വലിയപേടി മറ്റ് ഇന്ത്യക്കാർ ഇങ്ഗ്ലിഷ് പഠിച്ചാൽ തങ്ങളോടും പിന്നീട് തങ്ങളുടെ മക്കളോടും ഉള്ള ഇവരൂടെ ബഹുമാനം പോയ്പ്പോകും എന്നാണ്. ഈ മാനോഭാവം ഈ രാജ്യത്തിന്റെ ഒരു ശാപമായി യുഗങ്ങളായിത്തുടരുന്നു.

What is urgently required is that the common man should be given the opportunity to learn good quality English; not the one that is now being taught in both government as well as private schools in our nation. Let him then judge for himself if English is good for him or not; let not other cunning rascals take this decision.

ഇന്ന് ഏറ്റവും ആവശ്യം ഈ നാട്ടിലെ സാധാരണക്കാരന് നല്ല നിലവാരമുള്ള ഇംഗ്ലീഷ് പഠിക്കാൻ അവസരം ഉണ്ടാക്കുകയെന്നതാണ്. ഇന്ന് സർക്കാർ വിദ്യാലയങ്ങളിലും, സ്വകാര്യ ഇങ്ഗ്ലിഷ് മീഡിയം വിദ്യാലയങ്ങളിലും പഠിപ്പിക്കുന്ന *കൂലി* ഇങ്ഗ്ലിഷല്ല വേണ്ടത്. പകരം ഇങ്ഗ്ലിഷിന്റെ സാമൂഹിക തത്വശാത്രം ഉൾക്കൊള്ളുന്ന ഇങ്ഗ്ലിഷ്. എന്നിട്ട് ഈ നാട്ടുകാരൻ തന്നെ തീരുമാനിക്കട്ടെ, ഇങ്ഗ്ലിഷ് നല്ലതോ അല്ലയോ എന്ന്. അല്ലാതെ പൊള്ളയായ വിവരവും കൊണ്ട് നടക്കുന്ന വിദഗ്ദരുടെ വാക്കല്ല ഇവിടെ ആവശ്യം.

There are immense things more to be said. It can be done later. Here may I conclude, with just one more factor. It is about the level of corruption that has become common in all government offices. It needs to be stopped immediately. Otherwise within a matter of few years, almost all wealth will be in the hands of a few government retired persons, and their offspring. The effect of this when combined with a feudal language can be imagined. They and their children will be using the feudal words of ‘nee’ etc. to the common man’s children, and then it will be back to pre-British times, when the feudal classes used these words to control and suppress those under them. And the common man would find it increasingly difficult to debate or talk back, or argue with the higher, dacoit classes.

പല കാര്യങ്ങൾ കൂടിപ്പറയാനുണ്ട്. ഇപ്പോഴതിന് അവസരമില്ല. ഉപസംഹരിക്കുന്നതിന് മുമ്പ് ഒരുകാര്യം കുടി പറയട്ടെ. സർക്കാർ ഓഫീസുകളിൽ നടമാടുന്ന അഴിമതിയേക്കുറിച്ചാണ് ഇത്. ഇത് ഉടൻ തന്നെനിർത്തുകയും, സമാഹരിച്ച പണം പൊതുഖജനാവിലേക്ക് പിടിച്ചെടുക്കുകയും വേണം. അല്ലെങ്കിൽ ഏതാനും വർഷങ്ങൾക്കുള്ളിൽ ഈ നാട്ടിലെ എല്ലാ സമ്പത്തും ഇക്കൂട്ടരുടേയും അവരുടെ മക്കളുടേയും കൈകളിലാകും. ഈ ധനികത്വവും ഫ്യൂഡൽ ഭാഷയും ഒത്ത് ചേരുമ്പോൾ സാധാരണക്കാരനും അവന്റെ കുട്ടികളും വെറും കന്നുകാലിക്കൂട്ടം പോലെയാകും. ഉയരത്തിൽ ഇരിക്കുന്ന ഈ കള്ളന്മാരോട് സംസാരിക്കാനേ പറ്റാത്ത ഒരു സ്ഥിതി വിശേഷം വന്ന് കൊണ്ടിരിക്കുകയാണ്.

I have forgotten to mention one minor thing. That is, government servants get 13 months salary a year. For everyone else, in one year there are only 12 months. Our government doesn’t know to count the number of months in a year?

ഒരു കാര്യം പറയാൻ വിട്ട് പോയി. അതായത് സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് ഒരു വർഷത്തിൽ 13 മാസമാണ് ശമ്പളം. എല്ലാവർക്കും ഒരു വർഷത്തിൽ പന്ത്രണ്ട് മാസമാണ് ഉള്ളത്. സർക്കാരിന് എണ്ണാൻ അറിയില്ലെ?

Victoria Institutions stands for the spread of good quality English among all citizens of this nation.

white towel) as lower garment. They wore nothing as upper garment. On the head they had a *Palathoppi* (cap made of *aracnut* palm leaf).

മലബാറിൽ, എണ്ണത്താൽ പ്രസക്തിയുള്ളതും, എന്നാൽ ജാതിപരമായി താഴെ നിലകൊള്ളുന്നതുമായ ഒരു ജനവിഭാഗമാണ് തീയ്യർ. ഇവരിൽ ഏതാനും പാരമ്പര്യമായി കുലമഹിമയുള്ള കുടുംബങ്ങൾ ഒഴിച്ചാൽ, മറ്റുള്ളവരൊക്കെ പാരമ്പര്യമായി കർഷകതൊഴിലാളികളും, തെങ്ങുകയറ്റക്കാരും, അടിയാന്മാരും ആയിരുന്നു. ഈ ഹരജിക്കാരനും, സംഭവവശാൽ തീയ്യസമൂദായത്തിൽ ജനിച്ചആളാണ്. നൂറ്റാണ്ടുകളായി താഴെക്കിടയിലുള്ള തീയ്യരുടെ വസ്ത്രധാരണം ഇങ്ങിനെ ആയിരുന്നു: പൂരുഷന്മാർ കീഴ് വസ്ത്രമായി ഒരു തോർത്ത് ഉടുക്കും. അവർ നെഞ്ച് മറക്കാൻ ഒന്നുംതന്നെ ഇടില്ല. തലയിൽ പാളത്തൊപ്പി (കമുകിന്റെ ഇല) ധരിക്കും.

2) The women wore something like a *lungi* or *kayili* as lower garment and *did not wear* any upper garment, other than a *thorth* as a shawl. The dressing standards had a link to social suppression. Actually women from this community who tried to opt out of this social code, by wearing a blouse, were levied a penal tax.

തീയ്യസ്ത്രീകൾ കൈലിപോലുള്ളത് കീഴ് വസ്ത്രമായി ധിരിക്കും. മാറ് മാറയ്കാൻ ഒന്നും തന്നെ ഇടില്ല. ചുമലിൽ ഒരു തോർത്തുണ്ടാകും. ഈ നിലയിലുള്ള വസ്ത്രധാരണത്തിന് സാമൂഹിക അടിച്ചമർത്തലുമായി ബന്ധമുണ്ടായിരുന്നു. ബ്ലൗസ് ധരിച്ച്, ഈ സാമൂഹിക-വസ്ത്രധാരണ ചട്ടത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്ന സ്ത്രീകളുടെ മേൽ ഒരു **കരം** തന്നെ അധികാരി വർഗ്ഗം അടിച്ചേൽപ്പിച്ചിരുന്നു.

NEXT PAGE
GO BACKWARDS
SEARCH

NEXT PAGE
GO BACKWARDS
SEARCH

3) They were compelled to clothe themselves thus by **social as well as statutory compulsion**. They could not opt out. Yet, it was only a hereditary compulsion about which no one, even the affected persons, associated any issue of feudalism or social suppression. For, it was a way of life. However, when Malabar came under the British rule, the statutory compulsion got removed. Only social compulsion remained. They could opt out of this dressing code, if they wanted. It was then only the affected persons could get to see that they had been under a social suppression and that this was not the only way to live and dress, allowable.

തീയ്യ സ്ത്രീകൾ ഇങ്ങനെ വസ്ത്രം ധരിക്കാൻ സാമൂഹികവൂം, നിയമപരവൂമായ സമ്മർദ്ദം ഉണ്ടായിരുന്നു. അവർക്ക് അതിൽ നിന്നും ഒഴിഞ്ഞുമാറാൻ പറ്റില്ലായിരുന്നു. എന്നിരുന്നാലും, പാരമ്പര്യമായി വന്ന ഈ സമ്മർദ്ദം അനുഭവിച്ചവർ, അത് അടിമത്തമായോ, അടിച്ചമർത്തലായോ കരുതിയിരുന്നില്ല. കാരണം, അത് അവർക്ക് അറിവുള്ള ജീവിത നിലവാരം മാത്രമായിരുന്നു. എന്നാൽ മലബാർ ബ്രിട്ടിഷ് ഭരണത്തിന് അധീനപ്പെട്ടപ്പോൾ, നിയമപരമായ സമ്മർദ്ദം മാറി. പിന്നെ സാമൂഹികസമ്മർദ്ദം മാത്രം ബാക്കിവന്നു. അവർക്ക് വേണമെങ്കിൽ ഈ വസ്ത്രധാരണരീതിയിൽ നിന്നും ഒഴിയാമായിരുന്നു. അപ്പോൾ മാത്രമായിരുന്നു ഈ വസ്ത്രധാരണ രീതി സാമീഹിക അടിച്ചമർലിന്റെ ഭാഗമാണെന്ന് അവർക്ക് ബോധോദയം ഉണ്ടായത്. ഇതല്ലാതെ വസ്ത്രം ധരിക്കാൻ മറ്റു രീതികളും ഉണ്ട് എന്ന് മനസ്സിലായത്.

NEXT PAGE
GO BACKWARDS
SEARCH

4) The men started wearing *mundu* and women slowly changed to *sari* and *blouse*. Both *mundu* and *sari* are not really the hereditary dresses of the majority people of this place, even though it is taught to students as that.

പൂരഷന്മാർ മുണ്ട് ഉടുക്കാനും, സ്ത്രീകൾ സാരിയും, ബ്ലൗസും ധരിക്കാനും തുടങ്ങി. മൂണ്ടും, സാരിയും, ഇന്നാട്ടിലെ ഭൂരിഭാഗം ജനങ്ങളുടേയും, പാരമ്പര്യവസ്ത്രമല്ല. എന്നിരിന്നാലും, അവയാണ് ഇവിടുത്തെ പാരമ്പര്യ വാസ്ത്രങ്ങൾ എന്നാണ് പഠിപ്പിക്കുന്നത്.

5) Similarly Malayalam has suppressive and feudal features. Yet the average Malayalam speaking person would not have thought about this, for it was a way of life. No other social relationship is considered possible. Until one gets to learn pristine English.

ഇത് പോലെ മലയാളത്തിൽ അടിച്ചമർത്തലിന്റേയും, ഇന്ത്യൻ ഫ്യൂഡലിസത്തിന്റേയും അംശങ്ങൾ ഉണ്ട്. എന്നാൽ ഒരു ശരാശരി മലയാളം സംസാരിക്കുന്നയാൾ ഇതിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടാകില്ല. കാരണം, ഇത് ഇവിടെ സാധാരണമായ ഒരു കാര്യം മാത്രമാണ്. മറ്റൊരു സാമൂഹികാന്തരീക്ഷവും, സാധ്യമാണ് എന്ന് ആരും ചിന്തിക്കാറില്ല. കലർപ്പില്ലാത്ത ഇങ്ഗ്ലിഷ് പഠിക്കുന്നതു വരെ.

7). Currently the need to learn Malayalam is only due to social compulsion. A person or child can opt out of it, if he or she desires it. The impugned government order has the effect of making it a statutory compulsion.

ഇന്നിപ്പോൾ മാലയാളം പഠിക്കാൻ സാമൂഹിക നിർബന്ധമെയുള്ളു. ഒരു വ്യക്തിക്ക് വേണമങ്കിൽ അതിൽ നിന്നും ഒഴിയാം. എന്നാൽ പ്രസക്തമായ സർക്കാർ ഉത്തരവ് മലയാളം പഠിക്കുന്നത് ഒരു നിയമപരമായ നിർബന്ധമായി വരുത്തുന്നു.

6) There is no justification to make it a statutory compulsion. If a person wants to learn Malayalam, then it is his or her

Details of the Writ
Scientific Observations
Reply to Government Side Contentions
Reply to Dr. Sanoo & others' Contentions

NEXT PAGE
GO BACKWARDS
SEARCH

right to do so. Like there are women in many places in the world who go around topless. It is their right. Likewise if anyone wants to learn Malayalam, it is their right. But it is not to be imposed on others. Like topless dressing standards should not be enforced on other women.

6. അതിനെ നിയമപരമായ ഒരു നിർബന്ധമാക്കുന്നതിന് യാതോരു ന്യായവും ഇല്ല. ഒരു വ്യക്തിക്ക് മലയാളം പഠിക്കണമെങ്കിൽ, അയാൾക്ക് അതിനുള്ള അവകാശം ഉണ്ട്. ലോകത്തിൽ പല ഇടങ്ങളിലും സ്ത്രീകൾ മാറിടം മറയ്ക്കാതെ പോകുന്നതുപോലെ. അത് അവരുരുടെ അവകാശമാണ്. അത് പോലെ, ഒരാൾക്ക് മലയാളം പഠിക്കണമെങ്കിൽ, അതിനവകാശമുണ്ട്. എന്നാൽ അത് മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കരുത്. മാറിടം മറയ്ക്കാതെയുള്ള വസ്ത്രധാരണം മറ്റുള്ള വരിൽ അടിച്ചേൽപ്പിക്കാൻ പറ്റാത്തത് പോലെ.

7) There are people who love Malayalam and the hierarchical social relationship it brings in. They fear that Malayalam would slowly vanish, if is not imposed on others. There is no need for them to fear that. For, if they love Malayalam, they can learn it themselves and also teach their children. Lovers of Malayalam can make the language live. And also see that the '*cultural nuances and heritage*' embedded in Malayalam can be made to continue in them.

NEXT PAGE
GO BACKWARDS
SEARCH

മലയാളത്തേയും, അത് ഉളവാക്കുന്ന ഉച്ചനീചത്വ സാമൂഹികാന്തരീക്ഷത്തേയും ഇഷ്ടപ്പെടുന്ന ആളുകൾ ഇവിടെയുണ്ട്. മറ്റുള്ളവരുടെ മേൽ അടിച്ചമർത്തിയില്ലെങ്കിൽ, മലയാളം മല്ലെ അപ്രത്യക്ഷമാകും എന്ന് അവർ ഭയക്കുന്നു. അവർ അങ്ങിനെ

Details of the Writ
Scientific Observations
Reply to Government Side Contentions
Reply to Dr. Sanoo & others' Contentions

NEXT PAGE
GO BACKWARDS
SEARCH

പേടിക്കേണ്ടകാര്യമില്ല. അവർക്ക് മലയാളത്തെ സ്നേഹമുണ്ടെങ്കിൽ, മലയാളം പഠിക്കാം, അവരുടെ മക്കളെപ്പഠിപ്പിക്കാം. മലയാളത്തെ സ്നേഹിക്കുന്നവർക്ക് ആ ഭാഷയെ എന്നന്നേക്കുമായി ജീവിപ്പിക്കാം. മാലയാളത്തിലെ, സംസ്കാരവും, പൈതൃകവും, അങ്ങിനെ നിലനിർത്താം.

8) In 1947, the number of people who speak Malayalam was less than 50 lakhs. Now, there are around 3.5 crore people Malayalam speakers in Kerala alone. So the contention that Malayalam is disappearing is not correct.

1947ൽ മലയാളം സംസാരിക്കുന്നവരുടെ എണ്ണം 50 ലക്ഷത്തിൽക്കുറവായിരുന്നു. എന്നാൽ ഇന്ന് 3.5 കോടിയിൽക്കൂടുതൽ ആളുകൾ കേരളത്തിൽ മാത്രം മലയാളം സംസാരിക്കുന്നു. അതുകൊണ്ട് മലയാളം അപ്രത്യക്ഷമാകുന്നു എന്ന വാദത്തിന് പ്രസക്തിയില്ല.

9) Children of the poorer classes bear the brunt of the feudal words in Malayalam. They should be given a helping hand by the government to learn good quality English. Instead of the government pumping in crores of rupees for teaching more Malayalam, that money should be spend on teaching English to the financially lower class children. A study on this matter should be done. That is, on whether the poorer class parents want their children to learn English or not. Organised minorities with vested interests are forcing the poor class children to bear the brunt of their selfish interests. Learning Malayalam in Kerala is a very easy thing. Any man, who lives here, can pick up Malayalam within six months of social interaction here, if he or she desires. A 100 crore rupees spending on this is

NEXT PAGE
GO BACKWARDS
SEARCH

a useless expense, and should be used for improving English standards of the children. There is enough and more infrastructure here to learn Malayalam, including the print and visual media which promote Malayalam.

മലയാളത്തിലെ നീചത്വ വാക്കുകളുടെ ആഘാതം മൂഴവനും ഏറ്റത് സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്നവരുടെ മക്കളാണ്. സർക്കാർ അവർക്ക് നല്ല നിലവാരമുള്ള ഇങ്ഗ്ലിഷ് പഠിക്കാനുള്ള അവസരം ഒരുക്കിക്കൊടുക്കണം. എന്നാൽ ഇതിനാവശ്യമായ പണം മുഴുവൻ മലയാളം പഠിപ്പിക്കുവാനാണ് ധൂർത്തടിക്കുന്നത്. ഇക്കാര്യത്തിൽ ഒരു പഠനം തന്നെ ആവശ്യമാണ്. സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്നവരുടെ കുട്ടികളെ ഇങ്ഗ്ലിഷ് പഠിപ്പിക്കാൻ ആഗ്രഹമുണ്ടോയെന്ന്. ഇന്നിപ്പോൾ സംഘടിതരായ സ്വാർത്ഥ തൽപരരാണ് ഈ കുട്ടികളെക്കുറിച്ച് തീരുമാനങ്ങൾ എടുക്കുന്നത്. കേരളത്തിൽ മലയാളം പഠിക്കാൻ ഏളുപ്പമാണ്. വെറും ആറുമാസം സാമൂഹികമായി ഇടപഴകുന്ന ഏതൊരാൾക്കും, വേണമെങ്കിൽ മലയാളം സ്വായത്തമാക്കാം. ഒരു നൂറു കോടി രൂപ ഇതിന്നായി പാഴ്ചിലവാക്കുന്നത് തെറ്റാണ്. ആ പണം, ഇവിടെ സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്നവരുടെ മക്കളെ ഇങ്ഗ്ലിഷ് പഠിപ്പിക്കാൻ വിനിയോഗിക്കണം. പത്രങ്ങളും, ടിവിയും, സിനിമയുമടക്കം, മലയാളം പഠിക്കാൻ ഇവിടെ ആവശ്യത്തിലധികം കാര്യങ്ങൾ ലഭ്യമാണ്.

10) A few generations of people of West Bengal has suffered heavily due to the removal of English from their primary education. This should not be allowed to happen here.

വെസ്റ്റ് ബെൻഗോളിലെ ഏതാനും തലമുറ പ്രൈമറിവിദ്യാഭ്യാസത്തിൽ നിന്നും ഇങ്ഗ്ലിഷ് ഒഴിവാക്കപ്പെട്ടതിനാൽ വളരെ വിഷമത്തിൽപ്പെട്ടിട്ടുണ്ട്. ഈ അവസ്ഥ ഇവിടെ വരാൻ അനുവദിക്കരുത്.

Item b). The right to refuse to study

1) I am an informal researcher on the affect of codes inside languages. It is true that the academic world has not dealt with this issue in detail. I have not given my findings to the academic world. However, they are available for perusal online.

ഞാൻ ഭാഷകളിലെ കോഡുകളെപ്പറ്റിപ്പഠിക്കുന്ന ഒരു അനൗപചാരിക റിസർച്ചറാണ്. ഇവിടെ ഞാൻ പറഞ്ഞ മിക്കകാര്യങ്ങളും, വിദ്യാഭ്യാസ ലോകം ചർച്ചചെയ്യതിട്ടില്ല എന്നത് വാസ്തവമാണ്. ഞാൻ എന്റെ നിരീക്ഷണങ്ങൾ വിദ്യാഭ്യാസ ലോകത്തിന് കൈമാറിയിട്ടില്ല. എന്നാൽ അവയെല്ലാം തന്നെ ഇന്റർനെറ്റിൽ ലഭ്യമാണ്.

2) On the basis of my own findings and understandings, I had brought up my children in a complete atmosphere of English. It was based on my rights as an individual, and also based on my understandings.

എന്റെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ, ഞാൻ എന്റെ കുട്ടികളെ തികച്ചും ഇങ്ഗ്ലിഷ് അന്തരീക്ഷത്തിലാണ് വളർത്തിയത്. ഇത് എനിക്കുള്ള അവകാശങ്ങളുടേയും, അറിവിന്റേയും അടിസ്ഥാനത്തിലാണ് ചെയ്തത്.

3) There were a number of complaints against me in this regard by local vested interests as well as local politicians. Numerous enquiries by both the police as well as by other government agencies were conducted against me in this regard.

NEXT PAGE
GO BACKWARDS
SEARCH

NEXT PAGE
GO BACKWARDS
SEARCH

ഇക്കാര്യത്തിൽ എനിക്കെതിരെ അനവധി ആരോപണങ്ങൾ പല തൽപരകക്ഷികളും, ചുറ്റുമുള്ള രാഷ്ട്രീയക്കാരും, ഉന്നയിച്ചിരുന്നു. പോലീസും, മറ്റുചില സർക്കാർ ഏജൻസികളും പല അന്വേഷണങ്ങളുമായി എന്റെ അടുത്ത് വന്നിട്ടുണ്ട്.

4) One such complaint is given here as Exhibit P6.

അങ്ങിനെയുള്ള ഒരു പരാതിയുടെ പകർപ്പ് Exhibit P6 ആയിത്തരുന്നു.

5) The Children's Welfare Committee's ruling in this regard is given here as Exhibit P7.

ഈ പരാതിയുടെമേൽ Children's Welfare Committee പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പും ഇവിടെ സമർപ്പിക്കുന്നു: Exhibit P7

6) If the government does come out with the argument that there will be personality impairment or lessening in the intellectual capacity of an individual if he or she does not do his or her learning and social interaction in Malayalam or in the native language of the place of birth or domicile, then I would request the Hon'ble High Court to summon my senior daughter Varuna aged 15 for apprising her intellectual standards, personality category and social interaction.

NEXT PAGE
GO BACKWARDS
SEARCH

Reply Affidavit given counter the arguments of the third respondents

1. Most of the arguments presented in the petition for impleading have already been mentioned in the counter petition filed on behalf of the State Government of Kerala. A detailed reply to the counter petition has already been given, with almost all the points covered.

1. രണ്ടാം എതിർ കക്ഷി ഉന്നയിച്ചിട്ടുള്ള മിക്കവാറും വാദങ്ങൾ ഒന്നാം എതിർ കക്ഷി ഉന്നയിച്ചിട്ടുള്ളതാണ്. അവയ്ക് ഉചിതമായ മറുപടിയും നൽകിയിട്ടുണ്ട്.

2. So most of those points may not be repeated here to the extent possible. However, the petitioner needs to give in more detailed answers due to the fact that the third party respondents are from the **scholastic world, with rights and claims to deep knowledge** about languages and on Malayalam. The fact that they have formal qualifications that signify profundity in their field of study may lend an aura of authenticity to whatever they claim.

2. അതിനാൽ കഴിയുന്നിടത്തോളം അവ ഇവിടെ ആവർത്തിക്കുന്നില്ല. എന്നാൽ രണ്ടാം എതിർ കക്ഷിക്കാർ പഠിപ്പും വിവരത്തിന്റേയും ലോകത്തു നിന്നുള്ളവരാണ്. അവർക്ക് മലയാളത്തെക്കുറിച്ചും, ഭാഷകളെക്കുറിച്ചും, അനവധി വിവരം ഉണ്ടെന്നുമുള്ള അവകാശവാദവും, അവകാശവും ഉണ്ടാകാം. മാത്രവുമല്ല, ഔപചാരികമായ പല ക്വാളിഫിക്കേഷനുകളും അവർക്ക് ഉണ്ട്. ഇവ, അവരുടെ വാദങ്ങൾക്ക് ഒരു ആധികാരികത നൽകിയേക്കാം.

3. The issue at stake is a very important one. For, a verdict favouring either side can have **far reaching affects on the destiny of the people** here and **on posterity**. It is because of this reason that a very exhaustive scrutiny of the issue/s is being pleaded for by the petitioner. A lot of points brought up by the respondents need to be examined in minute detail for their genuineness.

3. ഇവിടെ വളരെ പ്രാധാന്യം ഉള്ള ഒരു കാര്യമാണ് ചർച്ചക്ക് ബഹുമാനപ്പെട്ട കോടതിയുടെ മുന്നിൽ വന്നിരിക്കുന്നത്. കാരണം, ഏതു പക്ഷത്തെ അനുകൂലിച്ചുള്ള തീരുമാനം വന്നാലും, ഈ നാട്ടിലെ ജനങ്ങളുടെ ഭാവിയേയും, വരും തലമുറയേയും, അത് കാര്യമായി ബാധിക്കും. ഇക്കാരണം കൊണ്ടുതന്നെയാണ്, ഈ പെറ്റീഷണർ ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വളരെ സൂക്ഷ്മമായ പരിശോധന നടത്തേണമെന്ന് അഭ്യർത്തിക്കുന്നത്. എതിർ കക്ഷികൾ ഉന്നയിച്ചിട്ടുള്ള എല്ലാ വാദമുഖങ്ങളെയും, അവ എത്രത്തോളം ശരിയാണ്. എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

NEXT PAGE
GO BACKWARDS
SEARCH

4. The respondents have relied upon the Articles and 8th Schedule of the Constitution of India to support their contentions. **A detailed answer to the same**

NEXT PAGE
GO BACKWARDS
SEARCH

is given in item No: 52 of this reply affidavit. It may be mentioned in passing here that the State government has the powers to make rules on various things. However, the right of any citizen of India to request for a judicial scrutiny of any rule enacted by the State Government as to whether they are tenable as per the provisions and spirit of the Constitution of India is not disputable.

4. എതിർ കക്ഷികൾ ഇന്ത്യൻ ഭരണഘടനയിലെ ഏതാനും Articles കളേയും, 8ാം ഷെഡ്യൂളിനേയും അവരുടെ വാദങ്ങൾക്ക് ശക്തിയേകാൻ ആശ്രയിക്കുന്നു. ഇവയ്ക്കുള്ള വിശദമായ മറുപടി ഈ Reply affidavit ലെ Item 52 ആയി കൊടുത്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന് പല കാര്യങ്ങളിലും നിയമം ഉണ്ടാക്കാനുള്ള അവകാശമുണ്ട്. എന്നാൽ അവ ഇന്ത്യൻ ഭരണഘടനയിലെ മൗലിക അവകാശങ്ങൾക്ക് നിരക്കുന്നവയാണോ എന്ന് അന്വേഷിക്കുവാൻ ഉചിതമായി ഒരു കോടതിയോട് അഭ്യർത്ഥിക്കുവാനുമുള്ള ഒരു പൗരന്റെ അവകാശം അനിഷേധ്യമാണ്.

5. The **spirit of the Constitution of India** does extend beyond the exact word-meanings of the Constitution. The spirit of the Constitution of India is to create a Welfare State, wherein all citizens get the opportunity to develop their personality and individuality to their best possible potential. The state should not impose anything that shall selectively promote certain levels of people and enfeeble others. That is, things that are *discriminatory*. These ideas are there in the Directive Principle of State Policy (Article 36 to 51).

5. ഇന്ത്യൻ ഭരണഘടനയിലെ വാക്കുകൾക്കും, വചനങ്ങൾക്കും പലപ്പോഴും അഗാധമായ ആന്തരികാർത്ഥമുണ്ട്. ഈ ഭരണഘടനയുടെ വിശാലമായ ഉദ്ദേശ്യം ഇവടെ എല്ലാ പൗരന്മാർക്കും, അവരരവരുടെ വ്യക്തിത്വങ്ങളും, കഴിവുകളും, ആവുന്നിടത്തോളം, വളർത്തുവാനുള്ള സാഹചര്യം ഒരുക്കുന്ന ഒരു Welfare State ഉണ്ടാക്കുക എന്നതാണ്. ഏതാനും ആളുകൾക്ക് മാനസികവും, മറ്റുമായ വളർച്ചക്ക് വഴിവക്കുന്നതും, മറ്റുള്ളവർക്ക് അവ മുടക്കുന്നതുമായ യാതോരുസംവിധാനത്തിനും, സർക്കാർ അനുകൂലമായ നയം സ്വീകരിക്കുകയോ, അടിച്ചേൽപ്പിക്കുകയോ ചെയ്യാൻ പാടില്ല. അങ്ങിനെ ചെയ്യുന്നത് വിവേചനപരമാണ്. ഈ ആശയങ്ങൾ ഇന്ത്യൻ ഭരണഘടനയിലെ **Directive Principles of State Policy** യിൽ ഉണ്ട്. (Articles 36 to 51).

6. The Hon'ble High Court of Kerala has only taken up the contention that the issue of whether the studying individual may lose his or her **right to opt out** of learning a language which he or she has no inclination for. However, as both the first respondent as well as the second respondents has allowed themselves to discuss the other issues, the petitioner is impelled to give the raised points a required answer.

NEXT PAGE
GO BACKWARDS
SEARCH

6. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, ഏതെങ്കിലും ഒരു പ്രത്യേക ഭാഷ പഠിക്കുന്നതിൽ നിന്നും, ഒഴിയാനുള്ള, ഏതൊരു കുട്ടിയുടേയും, അയാ

NEXT PAGE
GO BACKWARDS
SEARCH

ളുടെ മാതാപിതാക്കളുടേയും അവകാശം ഹനിക്കപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യം മാത്രമേ ചർച്ചക്ക് എടുത്തിട്ടുള്ളു. എന്നാൽ എതിർപക്ഷത്തുള്ള രണ്ട് കക്ഷികളും, മറ്റ് ചോദ്യങ്ങൾ ചർച്ചക്ക് എടുക്കുകയും, അവയെല്ലാം ഘണ്ടിക്കാൻ ശ്രമിക്കുകയും ചെയ്തിടുണ്ട്. അതിനാൽ ഈ പെറ്റീഷണറും, അവയെ ചർച്ച ചെയ്യേണ്ടതായി വന്നിട്ടുണ്ട്.

7. The first is the assertion that Malayalam is facing serious threat from various corners. Since the number of Malayalam speaking persons has increased exponentially over the decades since the formation of India, the petitioner is unable to understand what sort of threat the respondents are alluding to. They speak of some crises in Malayalam that might be causing cultural degradation in Malayalam; or else among the Malayalam speaking persons. It is not clear which or what they are pointing at.

7. ആദ്യമായി എടുക്കേണ്ടത്, മലയാളം പലരീതിയിലുമുള്ള ഭീഷണി നേരിടുന്നുണ്ട് എന്ന വാദമാണ്. 1947ലെ ഇന്ത്യയുടെ ജനനത്തിന് ശേഷം, മലയാളം സംസാരിക്കുന്നവരുടെ എണ്ണം വളരെക്കുറവിൽ നിന്ന് വളരെക്കൂടുതലായി വളർന്നിട്ടുണ്ട്. അപ്പോൾ മലയാളം നേരിടുന്ന ഭീഷണി എന്താണെന്നു മനസ്സിലാകുന്നില്ല. എതിർകക്ഷിക്കാർ, മലയാളം എന്തോതരം പ്രതിസന്തി നേരിടുന്നെന്നും, അത് മാലയാളത്തിലൊ, മലയാളം സംസാരിക്കുന്നവരിലോ സാംസ്കാരിക മൂല്യശോഷണം വരുത്തുന്നു എന്നും അവകാശപ്പെടുന്നു. ഇത് എന്താണെന്നോ, ഏതാണെന്നോ മാനസ്സിലാകുന്നില്ല.

8. If, indeed, there is such a crisis that is leading to cultural degradation, then it can be rectified by improving the quality and culture of Malayalam and the Malayalam-speaking-populace. How the same can be affected by making non-Malayalam speaking persons also to join the crisis is not clear.

8. ഇങ്ങനെ ഒരു സാംസ്കാരിക ശോഷണം നടക്കുന്നുണ്ടെങ്കിൽ, മലയാളത്തിന്റെയും, മലയാളം സംസാരിക്കുന്നവരുടെയും, നിലവാരങ്ങൾ വളർത്തി, ആ ന്യൂന്നത മാറ്റാവുന്നതാണ്. ഇതിന് പകരം, മലയാളം സംസാരിക്കാത്തവരെക്കൂടി ഇതിലേക്ക് വലിച്ചിറക്കുന്നതെന്തിനാണെന്ന് മനസ്സിലാകുന്നില്ല.

9. As to economic repercussion that has been mentioned, it may be pointed out that Kerala is a state that enjoys financial prosperity due to the fabulous currency exchange rate discrepancy. For, many persons of Kerala nativity work abroad and send money home. Again it is seen that if the same persons do know good quality English, they stand at a greater advantage in the foreign lands. So connecting imposition of Malayalam here to economic prosperity is not tenable under logical thinking. In fact, the effect is the opposite of what is contended.

NEXT PAGE
GO BACKWARDS
SEARCH

9. മലയാളം എല്ലാരും പഠിക്കാഞ്ഞാൽ ഉളവാകുന്ന സാമ്പത്തിക പ്രതിസന്ധിയെപ്പറ്റി സൂചിപ്പിച്ചുകാണുന്നു. കേരളം ഇന്ത്യൻ രൂപയുടെ മൂല്യത്തിൽ

ഉളവാക്കപ്പെടുന്ന അതി ഭയങ്കരമായ തരം താഴ്ത്തൽ മുഖേനെ സാമ്പത്തികമായി വളർച്ച പ്രാപിച്ച ഒരു സംസ്ഥാനമാണ്. കാരണം, അനവധി കേരളീയർ വിദേശങ്ങളിൽ പണിയെടുത്ത് അയക്കുന്ന പണമാണ്, ഇവടെ സാമ്പത്തിക സ്ഥിരത വരുത്തുന്നത്. ഇങ്ങിനെ വിദേശങ്ങളിൽ പണിയെടുക്കുന്ന കേരളിയർക്ക് ഇങ്ഗ്ലിഷ് അറിവ് നന്നായി ഉണ്ടെങ്കിൽ വിദേശ രാജ്യങ്ങളിൽ കൂടുതൽ നല്ല തൊഴിലുകൾ കിട്ടും എന്നത് സാമാന്യ വിവരം മാത്രമാണ്. അതിനാൽ നിർബന്ധ മലയാള പഠനത്തെ കേരളത്തിന്റെ സാമ്പത്തിക ഉന്നമനവുമായി കൂട്ടിക്കുഴക്കുന്നത് ശരിയല്ല. യാഥാർത്തിൽ അവകാശപ്പെട്ടതിന്റെ നേരെ വിപരീത ഫലമാണ്, ഈ നിർബന്ധപഠനം കൊണ്ട് ഉണ്ടാവുക.

10. The term *Mother tongue* is seen mentioned. It only means the *native language* of the place of the nativity of the individual. This petitioner has already clarified in his reply to the first respondent (State Govt) the need to limiting the emotional sense the word '*mother tongue'* creates in its mention. It has no connection to the term '*maternal'* and '*mother'*, with the concept of '*maternity'* or '*motherhood'*, and with *breast milk* and *breastfeeding*. The term *Mother Tongue* is being currently used to incite emotional connections and passions by connecting the powerful emotional strings connected to Mother, to that of language: *Ammayanu, Amminhayanu, Amminhappaalaanu, Amrithaanu; Maathavaanu, Mathruthwamaanu Malayalam.*

10. മാതൃഭാഷ എന്ന വാക്ക് ഉപയോഗിച്ച് കാണുന്നു. അത് ഒരു വ്യക്തിയുടെ സ്വദേശത്തിലെ സംസാരഭാഷ, എന്നേ അർത്ഥം വരുന്നുള്ളു. ആ വാക്കിന്, *മാതാവ്, മാതാവിന്റെ* തുടങ്ങിയവാക്കുകളോടോ, *മാതൃത്വം, മാതാവാകൽ* തുടങ്ങിയ അവസ്ഥകളോടോ, *മാതാവിന്റെ സ്തനങ്ങളോടോ, മുലപ്പാലിനോടോ*, യാതോരു ബന്ധവുമില്ല. മാതൃഭാഷ എന്ന പദപ്രയോഗത്തിലൂടെ, ഒരു വ്യക്തിക്ക് സ്വാഭാവികമായും, അമ്മയോട് ഉണ്ടാവുന്നു വൈകാരികമായ ഭാവങ്ങൾ ഭാഷയോട് കൂട്ടിക്കുഴച്ച്, അസ്വഭാവികമായ വൈകാരിക ബന്ധങ്ങൾ വ്യക്തികളിൽ ഭാഷയോട് ഉണ്ടാക്കാൻ തൽപരകക്ഷികൾ ശ്രമിക്കുന്നു. *അമ്മയാണ്, അമ്മിഞ്ഞയാണ്, അമ്മിഞ്ഞപ്പാലാണ്, അമൃതാണ്; മാതാവാണ്, മാതൃത്വമാണ് മലയാളം* എന്നൊക്കെയുള്ള പദപ്രയോഗങ്ങൾ സുലഭമാണ്.

11. Beyond that the argument that **what the mother talks has** to be taught to the child is not a powerful one. For, in most households in current day Kerala, the majority of the womenfolk talk a comparatively lower quality Malayalam. This is mainly due to the social and familial conditioning. For example, this petitioner's wife used to talk an interior village kind of Malabar Malayalam, which was far removed from the official version.

11. ഇതിനപ്പുറം, അമ്മ സംസാരിക്കുന്നത് തന്നെ കുട്ടികളെ പഠിപ്പിക്കണം എന്ന് പറയുന്നതിൽ വളരെ കഴമ്പില്ല. കാരണം, ഇന്നത്തെ കേരളത്തിലെ, പൊതുവെപ്പറഞ്ഞാൽ ഒരു നല്ലൊരു ശതമാനം സ്ത്രീകളും, സംസാരിക്കുന്ന

NEXT PAGE

GO BACKWARDS

SEARCH

മലയാളം, നിലവാരം കുറഞ്ഞ രീതിയിലുള്ളവയാണ്. ഇതിന്റെ മുഖ്യകാരണം, സാമൂഹികവും, കുടുംബപരവുമായ കൺഢീഷണിങ്ങാണ്. ഉദാഹരണത്തിന്: ഈ പെറ്റീഷണറുടെ ഭാര്യ സംസാരിക്കാറുണ്ടായിരുന്നത്, ഒരു ഉൾനാടൻ, ഗ്രാമീഷ, അപരിഷ്കൃത മലയാളമായിരുന്നു.

12. The respondents have argued for preserving the rich culture and heritage of the *Malayalees*. Here again there is need to differentiate between two words, which get continuously used as synonyms. The first is the term *Malayalee*. The other is the term *Keraleeyan* (*Keralite*). Usually there is no discrepancy in the sense. But then, in certain conditions there is an issue of lack of clarity or misunderstanding. For example, this petitioner's own children who are unmistakably *Keralites,* do not know Malayalam at all. Terming them as *Keralites* would very sharply point to their nativity. However, calling them *Malayalees* would define them in a category that does not include them. This is mentioned just to bring in caution in using certain terms here without understanding their proper ambit. There is no intention on the part of the petitioner to act extremely pedantic or as an extraordinary person. Actually this issue would find much concurrence about defining many persons of Kerala-family linkage in many parts of the world. It is a strange observation that in almost all other states of India, the people there are defined with the language of the state. In the case of Kerala, there are two different words: *Malayalee* and *Keraleeyan* (Keralite). The petitioner does not know whether a Kannadiga is known as Karnatikan, a Maratha as a Maharashtriyan, a Bengali as a West Bengolian, a Tamilian as a Tamilnadian etc. in their native language. However, in English there used to be the use of two different words; such as Madrasi, Mysorian, Andhraite etc. Whether all this has any powerful codes or sense is not known. However, it is possible that the petitioner is not correct in this summarisation.

12. എതിർ കക്ഷിക്കാർ മലയാളികളുടെ ഉന്നതമായ സംസ്കാരവും, പാരമ്പര്യവും കാത്തുസൂക്ഷിക്കാൻ ആവശ്യപ്പെടുന്നു. ഇവിടെ രണ്ട് വ്യത്യസ്ഥ വാക്കുകളെക്കുറിച്ച് പ്രതിപാധിക്കേണ്ടതുണ്ട്. ഒന്ന്, മലയാളി, രണ്ട്, കേരളീയൻ. ഇവ രണ്ടും, തുല്യ അർത്ഥങ്ങളുള്ള വാക്കുകളായി ഉപയോഗിക്കപ്പെടുന്നു. പലപ്പോഴും ഇതിൽ തെറ്റില്ല. എന്നാൽ ചില പ്രത്യേക അവസരങ്ങളിൽ, ഈ രണ്ട് വാക്കുകളും, ഒരേ അർത്ഥത്തിൽ ഉപയോഗിച്ചാൽ, ശരിയാകില്ല. ഉദാഹരണത്തിന്: ഈ പെറ്റിഷണറുടെ കുട്ടികൾ കേരളീയരാണ് എന്നത് അനിഷേധ്യമാണ്. എന്നാൽ അവർ മലയാളം തീരെ പഠിച്ചിട്ടില്ല. അവരെ കേരളീയർ എന്ന് വിളിച്ചാൽ, അവരുടെ ജനന-സ്ഥല ബന്ധങ്ങൾ ശരിയായി സൂചിപ്പിക്കപ്പെടും. എന്നാൽ അവരെ മലയാളികൾ എന്ന് വിശേഷിപ്പിച്ചാൽ, അവർ തികച്ചും ഉൾപ്പെടാത്ത ഒരു ഗ്രൂപ്പിൽ അവർ പെടും. ഇക്കാര്യം ഇവിടെപ്പറഞ്ഞത്, വാക്കുകൾ ഉപയോഗിക്കുമ്പോൾ അവയുടെ സൂചനാർത്ഥത്തിന്റെ പരിധികളെക്കുറിച്ചി സൂചിപ്പിക്കാനാണ്. ഈ പെറ്റീഷണർക്ക് ഒരു

NEXT PAGE
GO BACKWARDS
SEARCH

ബുദ്ധിമാന്റെ പരിവേഷം ചമയാനല്ല. യഥാർത്ഥത്തിൽ ഈയൊരു പ്രശ്നം, ലോകത്തിലെ പല ഭാഗങ്ങളിലും, താമസിക്കുന്ന കേരളീയരിൽ പലക്കും, ബാധകമാണ്. ഒരു വിചിത്രമായ കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലെയും, ജനങ്ങളെ അവരുടെ ഭാഷയാലാണ് അറിയപ്പെടുന്നത്. കേരളത്തിന്റെ കാര്യത്തിൽ രണ്ട് വ്യത്യസ്ഥ വാക്കുകളുണ്ട്. കേരളീയൻ എന്നും, മലയാളിയെന്നും. ഒരു കന്നടികനെ കർനാടികനെന്നും, ഒരു മറാഠിയെ മാഹാരാഷ്ട്രിയനെന്നും, ഒരു ബൻഗോളിയെ വെസ്റ്റ് ബൻഗാളിയനെന്നും, ഒരു തമിഴനെ തമിൾനാടിയനെന്നും, അവരവരുടെ പ്രാദേശിക ഭാഷകളിൽ വിളിക്കാറുണ്ടോ എന്നറിയില്ല. എന്നാൽ ഇങ്ഗ്ലിഷിൽ രണ്ടു വാക്കുകളുണ്ടായിരുന്നു: Madrasi, Mysorian, Andhraite etc. ഇവയിൽ എന്തങ്കിലും കോഡ്ഡുകൾ അടങ്ങിയിരുപ്പുണ്ടോ എന്നറിയില്ല. മാത്രവുമല്ല, ഈ പെറ്റീഷണറുടെ നിരീക്ഷണങ്ങൾ ഇക്കാര്യത്തിൽ ശരിയായിരിക്കണമെന്നുമില്ല.

13. It is argued that the State Government of Kerala has every right to impose Malayalam in primary classes to preserve the rich culture and heritage of the *Malayalees*. Well, it could be a laudable aim, as mentioned by the respondents, if the target group is strictly limited to the acquiescing *Malayalees* (Malayalam speaking persons) and others who innately love Malayalam. Imposing Malayalam on others who are not inclined to speak or learn Malayalam more or less negates the commendableness of the spirited aim.

13. മലയാളികളുടെ മഹനീയമായ പാരമ്പര്യവും, സംസ്കാരവും, പരിപാലിക്കാൻ പ്രൈമറി ക്ലാസുകളിൽ മലയാളം നിർബന്ധിച്ച് അടിച്ചേൽപ്പിക്കാൻ അവകാശമുണ്ട് എന്ന് എതിർ കക്ഷിക്കാർ വാദിക്കുന്നു. അവർ അവകാശപ്പെട്ടപോലെ, ഇത് മാലയാളം ഇഷ്ടപ്പെടുന്നവരുടെ ഇടയിലും, മലയാളം സംസാരിക്കുന്നവരുടെ ഇടയിലും മാത്രമാണ്, നടപ്പിലാക്കുന്നതെങ്കിൽ, ഇത് ഒരു സ്തുത്യർഹമായ കാര്യമാകാം. എന്നാൽ മലയാളം പഠിക്കാൻ ഇഷ്ടപ്പെടാത്തവരിൽ ഇത് അടിച്ചേൽപ്പിക്കുമ്പോൾ, ഇത് അതിന്റെ മഹനീയത നഷ്ടപ്പെടുന്നു.

14. It may be noted that a language is not something that come along with one's birth. It is more or less acquired through inputs that the individual receives mentally. It follows that Malayalam is not an innate feature of a person born in Kerala, like other innate features a person has. It has no more claims to impose itself on an individual than any other language, idea, philosophy, dressing standards, political philosophy and such.

NEXT PAGE
GO BACKWARDS
SEARCH

14. ഭാഷയെന്നത് ഒരു വ്യക്തിക്ക് ജനനം മുതൽ ലഭിക്കുന്ന ഒന്നല്ല. ജനനത്തിന് ശേഷം, ഒരു വ്യക്തി കേട്ടും പഠിച്ചും, സ്വരൂപിക്കുന്ന ഒന്നാണ് ഭാഷ. ഇതിന്റെ അർത്ഥം മലയാളം എന്നത് ഒരാളുടെ ശരീരത്തിന്റെയോ, മനസ്സിന്റെയോ, ജന്മനാലുള്ള ഭാഗമല്ല. മറ്റേതൊ ഭാഷയ്ക്കും, ആശയത്തിനും, തത്വചിന്തക്കും, വസ്ത്രധാരണരീതിക്കും, രാഷ്ട്രീയതത്വസംഹികയ്ക്കും, ഉള്ള അവകാശമേ മലയാളത്തിനും ഉള്ളു.

Details of the Writ
Scientific Observations
Reply to Government Side Contentions
Reply to Dr. Sanoo & others' Contentions

NEXT PAGE
GO BACKWARDS
SEARCH

15. To explain this more, let me say this: A person born in Kerala is trained by social conditioning to instinctively stand as a **part of a clustering crowd** for getting anything like a ticket, getting into a bus or train, standing at the bank teller counter etc. However, he or she can be mentally trained to understand that creating a queue is a better manner of performing the same action. Now, this second attitude is not a colloquial input. The other group cannot put up the argument that forming a queue is not part of our culture and thus should not be tried for or created. If such attitudes of intolerance are given statutory status, then there can be no social progress here. Languages are also something one learns from the local society, but then one need not necessarily follow what the local society tries to instil.

15. ഇക്കാര്യം കൂടുകൽ വിശദീകരിച്ച് പറയുകയാണെങ്കിൽ: കേരളത്തിൽ ജനിച്ച ഒരു വ്യക്തി സാധരണയായി, ഒരു ടിക്കറ്റ് കൗണ്ടറിൽ നിൽകുമ്പോളും, ബസ്സിലോ, ട്രെയിനിലോ കയറാൻ ശ്രമിക്കുമ്പോളും മറ്റും, ഒരു കൂട്ടംകൂടി നിൽക്കാൻ ശ്രമിക്കുന്നു. എന്നാൽ ഈ ആളെത്തന്നെ ക്യൂവായി നിൽകാൻ പഠിപ്പിക്കാവുന്നതാണ്.എന്നാൽ ഇത് ഒരു പ്രാദേശിക രീതിയല്ല. എന്നിരുന്നാലും, എതിർ കക്ഷിക്കാർക്ക് ക്യൂ എന്നത് ഒരു ദേശീയരീതിയല്ല; അത് കൊണ്ട് അത് ഇവിടെ നടപ്പിലാക്കാൻ പറ്റില്ല എന്ന് പറയാൻ അവകാശമില്ല. ഈ മാതിരിയുള്ള അസഹിഷ്ണുതയുള്ള നിലപാടുകൾക്ക് നിയമത്തിന്റെ പരിവേഷം നൽകിയാൽ ഇവിടെ യാതൊരു സാമൂഹികവളർച്ചയും നടക്കില്ല. ഭാഷകളും നമ്മൾ പ്രാദേശിക ദേശത്തിൽ നിന്നും പഠിക്കുന്നവയാണ്. എന്നാൽ നാട് പഠിപ്പിക്കുന്നത് മാത്രം നമ്മൾ പഠിക്കണം എന്ന് പറയുന്നത് ശുദ്ധ ബോഷ്കത്തരമാണ്.

16. It is mentioned that the society has by and large welcomed the government order. However, the report made by the RVG Menon committee has alluded to the fact that the people of Kerala are **stubbornly trying to put their children in English medium schools**, whereby the Malayalam-promoting Government schools are heading for their demise. Since the respondents themselves have made such an inference, it may be correct to summarise that the common people at large are not quite amused by the government's endeavours in this regard. Another summarisation could be that the whole campaign for imposing Malayalam on all and sundry has something to do with the vested interest of Government and Government-aided-school managements and their staff members, who may be desperate to save their institutions as people desperately try to get out of their clutches.

NEXT PAGE
GO BACKWARDS
SEARCH

16. സർക്കരിന്റെ ഈ തീരുമാനങ്ങൾ ജനത്തിന് ഇഷ്ടമാണ് എന്ന് പറയുന്നു. എന്നാൽ ആർ വി ജി മേനോൻ കമ്മിറ്റി റിപ്പോർട്ട് തന്നെ പറയുന്നു, ഈ നാട്ടിലെ ജനങ്ങൾ അവരുടെ കുട്ടികളെ ഇങ്ഗ്ലിഷ് മീഡിയം സ്കൂളുക

NEXT PAGE
GO BACKWARDS
SEARCH

ളിൽ പഠിപ്പിക്കാൻ ശഠിക്കുന്നുവെന്ന്. അത് കൊണ്ട് ഇവിടെയുള്ള, മലയാളം പ്രോത്സാഹിപ്പിക്കുന്ന, സർക്കാർ സ്കൂളുകൾ തകർച്ച നേരിടുന്നുവെന്ന്. മലയാളം അടിച്ചേൽപ്പിക്കാൻ ശുപാർശ്ശ ചെയ്യുന്നവർ തന്നെ ഇങ്ങിനെ പറയുമ്പോൾ, ഇവിടുത്തെ ജനങ്ങൾക്ക് സർക്കാരിന്റെ ഈ നിലപാടിനോട് യോജിപ്പില്ല എന്ന് തന്നെ തെളിയുന്നു. ഇതിൽ നിന്നുള്ള മറ്റൊരു നിഗമനം ഇതാണ്: ഇവിടെയുള്ള എല്ലാവരെയും മലയാളം നിർബന്ധിച്ച് പഠിപ്പിക്കാൻ കൂറെ തൽപരകക്ഷികൾ ആഗ്രഹിക്കുന്നു. ഇവർ സർക്കർ സ്കൂളുകളുടേയും, സർക്കാർ എയ്ഡഡ് സ്കൂളുകളിലേയും മാനേജ്മന്റകളും, സ്റ്റാഫുകളും ആകാനാണ് സാദ്ധ്യത. കാരണം ജനങ്ങൾ ഇവരുടെ കൈകളിൽനിന്നും രക്ഷപ്പെടാൻ ശ്രമിക്കുന്നത്, ഇക്കൂട്ടർക്ക് തടയണം.

17. However, this contention would make it a necessity for the Hon'ble High Court to order the State Government to conduct a referendum so as to ascertain the exact wishes of the common man. Neither this petitioner nor the respondents can take up the stand that what they say is what the parents want. It has to be ascertained by means of a referendum.

17. ഇങ്ങിനെ പറയുമ്പോൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിക്ക് ഒരു ജനഹിതപരശോധനയ്ക്ക് കൽപന ചെയ്യാനുള്ള ബാധ്യതവരുന്നു. കാരണം. കുട്ടികളുടെ മാതാപിതാക്കളുടെ യഥാർത്ഥ ഇഷ്ടം എന്താണെന്ന് അറിയാൻ ഇതാവശ്യമായി വരുന്നു. ഈ പെറ്റീഷണർക്കോ, എതിർകക്ഷിക്കാർക്കോ ഇക്കാര്യത്തിൽ തീർത്തൊന്നും പറയാനാവില്ല.

18. This is being respectfully prayed for by the petitioner with regard to the need to educate the children of the common-man *good quality* English. Whether a person wants his or her children to learn Malayalam or not has nothing to do with this aim, and is unconnected to this issue.

18. സാധാരണക്കാരന്റെ കുട്ടികളെ *നല്ലനിലവാരമുള്ള* ഇങ്ഗ്ലിഷ് പഠിപ്പിക്കണം എന്ന കാര്യം വളരെ വീനീതമായാണ്, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയോട് അപേക്ഷിക്കുന്നത്. ഒരാൾ അയാളുടെ കുട്ടികളെ മലയാളം പഠിപ്പിക്കണമൊ, വേണ്ടയൊ, എന്ന കാര്യവുമായി ഇതിന് ബന്ധമില്ല.

19. It is mentioned by the respondents that Malayalam has a great legacy of art, culture and literature. The petitioner does not dispute the claims in this regard. However, that is not a logical reason to impose it on everyone.

19. മലയാളത്തിന് കലയുടെയും, സംസ്കാരത്തിന്റെയും, സാഹിത്യത്തിന്റെയു പൈതൃകമുണ്ട് എന്ന് എതിർ കക്ഷിക്കാർ വാദിക്കുന്നു. പെറ്റീഷണർ ആ വാദഗതിയെ എതിർക്കുന്നില്ല. എന്നാൽ അത് മലയാളത്തെ അടിച്ചേൽപ്പിക്കാൻ മാത്രം ഉതകുന്ന ന്യായമല്ല.

NEXT PAGE
GO BACKWARDS
SEARCH

20. Moreover, it needs mention that there were a number of mutually discordant dialects in the geographical area currently called Kerala. Many of them were simply made to vanish as the sole aim of the State Government was the

NEXT PAGE
GO BACKWARDS
SEARCH

promotion of the official version of Malayalam, which was actually the dialect of a particular part of South Kerala. Some of the other dialects were so different from this version that to even call them a dialect of Malayalam would have been equivalent to calling Kannada a dialect of Malayalam, by simply equating and making small changes to word sounds. However the petitioner can understand the compulsions that the State Government had in developing a standard Malayalam. The respondents have mentioned the threat of imminent death of this standardised Malayalam. The only issue here is that when the other dialects went in for their demise, no one felt any requirement to forestall the onslaught of the official version of Malayalam to save those dialects. For example, the dialects used by the tribal people are more or less getting erased from their own communication. It is only intelligent to bear in mind that if the same kind of financial and terminology inputs had been done on them also, the intellectual, literary and artistic legacy they all have would have come out. I mention this only to emphasis the point that such legacies cannot be used as a claim for imposing them on others.

20. മാത്രവുമല്ല, കേരളമെന്ന് ഇന്ന് വിളിക്കപ്പെടുന്ന ദേശത്തിൽ തമ്മിൽ ഇണങ്ങാത്ത പല പ്രാദേശിക ഭാഷകൾ ഉണ്ടായിരുന്നു. കേരളസർക്കാർ ഔദ്ധ്യോഗിക ഭാഷയെ മാത്രം പ്രോത്സാഹിക്കാൻ ശ്രമം നടത്തിയതിന്റെ ഭാഗമായി, അവയിൽ മിക്കവയും നശിച്ചുപോയി. ഈ ഔദ്ധ്യോഗിക ഭാഷ തന്നെ ദക്ഷിണ കേരളത്തിലെ ഒരു പ്രാദേശിക ഡയലക്റ്റ് മാത്രമാണ്. കേരളത്തിലെ ചില ഇതര ഡയലക്റ്റുകൾ, ഈ ഔപചാരിക ഭാഷയിൽ നിന്നും, തികച്ചും വ്യത്യസ്തമായിരുന്നു. അവയെയെല്ലാം മലയാളം എന്നു വിളിക്കുന്നത് തന്നെ, കന്നടയിലെ വാക്കുകളുടെ ശബ്ദങ്ങളിൽ ചെറിയവ്യതിയാനം വരുത്തി, കന്നടയെ മലയാളത്തിന്റെ ഒരു ഡയലക്റ്റ് എന്ന് വിളിക്കുന്നത് പോലെയാണ്. എന്നിരുന്നാലും, സംസ്ഥാന സർക്കർ ഒരു Standard Malayalam ഉണ്ടാക്കുന്നതിന് ശ്രമിച്ചതിന്റെ കാരണം മനസ്സിലാക്കാവുന്നതാണ്. എതിർ കക്ഷിക്കാർ ഈ Standardised Malayalamത്തിന്റെ ആകസ്മികമായ മരണത്തെക്കുറിച്ചാണ് വേവലാതിപ്പെടുന്നത്. ഇവിടെ പറയേണ്ടുന്നകാര്യം ഇതാണ്: മറ്റ് പ്രാദേശിക ഡയലക്റ്റുകൾക്ക് Official Malayalamത്തിന്റെ വേലിയേറ്റത്തിൽ മരണം സംഭവിച്ചപ്പോൾ, ഇവരാർക്കും യാതോരു വേവലാതിയും തോന്നിയില്ല. ഉദാഹരണത്തിന്, ആദിവാസികളുടേയും, മറ്റ് ഗ്രോത്രവർഗ്ഗക്കാരുടേയും ഭാഷകൾ പലതും ഇല്ലാതയിക്കൊണ്ടിരിക്കുകയാണ്. അവരെല്ലാം Standard Malayalam ആണ് പഠിക്കുന്നത്. ഈ ഭാഷകൾക്കും, മലയാളത്തിന് നൽകിയപോലുള്ള പണവും, പുതിയ വാക്സമ്പത്തും നൽകിയിരുന്നെങ്കിൽ, അവയിലേയും, കലാപരവൂം, സാഹിത്യപരവും, ശാസ്ത്രപരവും മറ്റുമായ സമ്പത്തുകൾ പുറത്തുവരുമായിരുന്നു. ഇങ്ങനെയുള്ള കാര്യങ്ങൾ ഇവിടെപ്പറയുന്നത്, ഈ വക പൈതൃകങ്ങൾ ഒരു ഭാഷയെ ആളുകളിൽ അടിച്ചേൽപ്പിക്കാനുള്ള അധികാരം നൽകുന്നില്ല എന്ന് പറയാനാണ്.

NEXT PAGE
GO BACKWARDS
SEARCH

Details of the Writ
Scientific Observations
Reply to Government Side Contentions
Reply to Dr. Sanoo & others' Contentions

NEXT PAGE
GO BACKWARDS
SEARCH

21. A lot of modern technical terminology was mischievously inducted into Malayalam by simply creating new words by a **Kerala State Language Laboratory**. It may be mentioned that this type of adding to the literacy legacy of a language does not connect the process or the creation to any natural antiquity of the language.

21. അനവധി പുതിയ ടെക്നിക്കൽ വാക്കുകൾ മലയാളത്തിൽ ഒരു കേരള ഭാഷാ ലാബറട്ടറി നിർമ്മിക്കുകയുണ്ടായി. ഇവിടെപ്പറയേണ്ടത്, ഇങ്ങനെയുള്ള ചെയ്തികൾ ആ ഭാഷയുടെ യഥാർഥ പൈതൃകവുമായി ബന്ധപ്പെടുത്താൻ പറ്റില്ല എന്നതാണ്.

22. Teaching such newly created words in all the sciences and art subjects was a very unnecessary thing. And also a real disturbance to the ordinary student. For many of them, when they went in for higher education in other states, had to unlearn and re-teach themselves the English equivalents of technical terminology. Moreover, all the Malayalam terminology that they had acquired over the years simply became redundant the moment they crossed the Kerala border. It may be remembered that the geographical space of Kerala is quite small. A person on the West side of Kerala at Calicut will be able to cross the East side border at Palghat (*Valayaar*) within a matter of 3 hours.

22. ശാസ്ത്രവിഷയങ്ങളിലും, ആർട്സ് വിഷയങ്ങളിലും, ഇങ്ങിനെ പുതിയ വാക്കുകൾ സൃഷ്ടിക്കേണ്ട ആവശ്യമില്ലായിരുന്നു. സാധാരണക്കാരന്റെ മക്കൾക്ക് ഇത് തികച്ചും ഒരു പ്രയാസം തന്നെയാണ് ഉണ്ടാക്കിയത്. കാരണം, അവർ മറ്റ് സംസ്ഥാനങ്ങളിൽ ഉയർന്ന വിദ്യാഭ്യാസത്തിന് പോകുമ്പോൾ പഠിച്ച വാക്കുകൾ അത്രയും, ഇങ്ഗ്ലിഷിലേക്ക് മാറ്റിപ്പഠിക്കേണ്ടതായി വന്നു. അവർ കേരളാതിർത്ഥി കടക്കുമ്പോൾ മലയാള ടെർമിനോളജി അത്രയും ആവശ്യമില്ലത്ത വാക്കുകളായിത്തീരുകയും ചെയ്യുന്നു. ഇവിടെ കേരളത്തിന്റെ വീതിയെക്കുറിച്ച് പറയേണ്ടതുണ്ട്. കേരളത്തിന്റെ കിഴക്കൻ അതിർത്തിയിൽനിന്ന് പടിഞ്ഞാറൻ അതിർത്തിവരെ യാത്രചെയ്യാൻ മൂന്ന് മണിക്കൂർ മതിയാകും. (വാളയാർ മുതൽ കോഴിക്കോട് വരെ).

23. As to the students of the financially weaker classes, they were left with the burden of being under a layer of blocks to imbibing modern technical knowledge in its grand vastness. What they could get to imbibe was what came through translation versions, with the translators themselves becoming some sort of fountainheads of knowledge).

NEXT PAGE
GO BACKWARDS
SEARCH

23. സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്ന വിദ്യർത്ഥികൾക്ക് ആധുനിക വിജ്ഞാന ശേഖരത്തിന്റെ വ്യാപ്തിയെക്കുറിച്ച് അറിയുന്നതിൽ നിന്ന് വഴിമുടക്കാൻ ഇങ്ഗ്ലിഷ് വിജ്ഞാനമില്ലായ്മ ഒരു കാര്യമായ തടസ്സം തന്നെയായി നിലകൊണ്ടു. അവർ പലപ്പോഴും, വിവർത്തനങ്ങളെ ആശ്രയിക്കേണ്ടതായി വന്നു. വിവർത്തകർ ഒരു തരം, വിജ്ഞാനശേഖങ്ങളുടെ ഉറവിടമായി വില

NEXT PAGE
GO BACKWARDS
SEARCH

സുകയും ചെയ്തു.

24. It is true that many states in India are trying this plan of bringing in division and fragmentation of modern knowledge by creating their own terminology in all subjects of study. It is only a mad scheme that need not be followed by Kerala also, without considering where all this will lead the whole nation to. In fact, when different people from different states move to other states, it literally becomes like moving to another nation. For each state is inflexibly promoting its own language.

24. ഇന്ത്യയിലെ പല സംസ്ഥാനങ്ങളും, രാജ്യത്തിൽ വികടനവും, വിഭാഗീയചിന്തയും വളർത്താൻ ഉതകുന്ന രീതിയിൽ അവരവരവരുടേതായ ശാസ്ത്രവാക്കുകളും, മറ്റും ഉണ്ടാക്കുന്നുണ്ട്. ഇതെല്ലാം തികച്ചും ഭ്രാന്തൻ പദ്ധതികളാണ്. കേരളവും ഇത് പിൻതുടരേണ്ട ആവശ്യമില്ല. കാരണം രാജ്യം, ഈ രീതിയിൽ പോയാൽ പല കക്ഷ്ണങ്ങളായിത്തീരും. ഇപ്പോൾത്തന്നെ ഒരു സംസ്ഥാനത്ത് നിന്ന് മറ്റൊന്നിലേക്ക് പോകുമ്പോൾ, വേറൊരു രാജ്യത്തിൽ പോയ പ്രതീതി പലപ്പോഴും സംജാതമാകുന്നു. കാരണം, ഓരോ സംസ്ഥാനവും, യാതൊരു വിട്ടുവീഴ്ചയുമില്ലാതെ അവരവരുടെ ഭാഷയ്ക്ക് മാത്രം ഊന്നൽ നൽകുന്നു.

25. The whole of such acrimonious issues spring up from a stubborn attitude to promote only what a small group of learned scholars, who unfortunately have a very inward looking global perspective, want. They take upon themselves to view all of the outside world (especially the English world) in a hostile manner. They incessantly try to put up defences and barricades where none are necessary. Moreover a false sense of insecurity of being overrun by outsiders is tried to be inculcated in the common man's mind. It only leads to an unnecessary mood of belligerence, as if the whole of Kerala would be gobbled up by others.

25. ഇങ്ങിനെയുള്ള പ്രശ്നങ്ങളത്രയും വരുന്നുത് ഏതാനും, കുറച്ച്, പുറം ലോകത്തെ സംശയത്തോടെ നോക്കുന്ന വിദ്വാന്മാർ, അവർക്ക് ഇഷ്ടമുള്ളതേ ഇവിടെ വരാൻ പാടുള്ളു എന്ന് ശഠിക്കുന്നത് കൊണ്ടാണ്. ഇവർക്ക് ഇങ്ഗ്ലിഷിനോട് വരോധമാണ്. അവർ എല്ലായിടത്തും ഇങ്ഗ്ലിഷിനെതിരെ വേലികൾ കെട്ടുന്നു. മാത്രവുമല്ല ഇങ്ഗ്ലിഷ് എന്തോ ഒരു അധിനിവേശം വരുത്തുമെന്നും അവർ സാധാരണക്കാരിൽ ചിന്തവളർത്തുന്നു. അങ്ങിനെ, ഒരു തരും ആക്രമണം ആസന്നം എന്ന രീതിയിലുള്ള ഭീതി ഇവർ പരത്തുന്നു.

NEXT PAGE
GO BACKWARDS
SEARCH

26. There are claims elsewhere (not made directly by the respondents) that the Kerala youngsters are *aping the West*. The word *West* is not a synonym of English. For English culture and language are very much different from that of Continental Europe. Moreover, it is quite doubtful if the so-called *West-aping* youngsters do have any deep knowledge in English. It is wrong to identify such behaviour with English language and English systems. English systems are quite

Details of the Writ
Scientific Observations
Reply to Government Side Contentions
Reply to Dr. Sanoo & others' Contentions

NEXT PAGE
GO BACKWARDS
SEARCH

refined. And cannot be identified with the so-called *Western culture of the Keralites*.

26. എതിർ കക്ഷികൾ ഇവിടെപ്പറഞ്ഞിട്ടില്ലെങ്കിലും, ചെറുപ്പക്കാർ പാശ്ചാത്യരീതികൾ അനുകരിക്കുന്നു എന്ന് പലപ്പോഴും, വിമർശനങ്ങൾ ഉയർന്നുവരാറുണ്ട്. എന്നാൽ ഇവിടെപ്പറയാനുള്ളത്, പാശ്ചാത്യം എന്നു പറയുന്നത്, ഇങ്ഗ്ലിഷ് സംസ്കാരമല്ല. ഇങ്ഗ്ലിഷ് ഭാഷയും, സംസ്കാരവും, യൂറോപ്പിയൻ ഭൂഖണ്ടത്തിലേതിൽ നിന്നും, വ്യത്യസ്തമാണ്. മാത്രവുമല്ല, പാശ്ചാത്യ സംസ്കാരം അനുകരിക്കുന്ന ചെറുപ്പക്കാർക്ക് അഗാധമായ ഇങ്ഗ്ലിഷ് പരിജ്ഞാനം ഉണ്ടോ എന്നും സംശയമാണ്. അവരുടെ പ്രകടനങ്ങളെ ഇങ്ഗ്ലിഷ് ഭാഷയുമായും, പെരുമാറ്റവുമായും സാമ്യപ്പെടുത്തുന്നത് തെറ്റാണ്. ഇങ്ഗ്ലിഷ് പെരുമാറ്റരീതികൾ തികച്ചും ലളിതമാണ്. അതിനെ കേരളീയരുടെ പാശ്ചാത്യ സംസ്കാരവുംമായി യാതോരു സാമ്യവുമില്ല.

27. Allusions have been made about the rich culture and heritage of Kerala. One can't find objection to the spirit that promoted the adjective. However, the fact about Kerala-culture is that it was quite feudal. So feudal that, the serf-level person and family was totally subordinated to the will and wishes of the *Janmi* (feudal landlord) class. The powerfully crushing and subordinating local dialect pejorative words was the basic tool that was the main machinery that aided in supporting this social system.

27. കേരളത്തിന്റെ മഹനീയമായ പാരമ്പര്യത്തെക്കുറിച്ചും, സംസ്ക്കാരത്തെക്കുറിച്ചും എതിർകക്ഷിക്കാർ പരാമർശിച്ചിട്ടുണ്ട്. ഈ വികാരത്തെ കുറ്റം പറയാൻ പറ്റില്ല. എന്നിരുന്നാലും, കേരളത്തിന്റെ യഥാർഥ സംസ്ക്കാരം അതിഭയങ്കര ജൻമി-കുടിയാൻ ഫ്യൂഡലിസമായിരുന്നു. എന്നുവച്ചാൽ, കുടിയാനും, അയാളുടെ കുടുംബവും, അയാളുടെ ജൻമിയുടേയും, കുടുംബത്തിന്റേയും, തികച്ചും അടിമകളായിരുന്നു. താഴെ നിൽക്കുന്നവരെ ശക്തമായി അമർത്തുന്ന, അവരുടെ വ്യക്തിത്വത്തെ തരംതാഴ്ത്തുകയും, മാലിന്യപ്പെടുത്തുന്നതുമായ വാക്കുകളും, പ്രയോഗങ്ങളുമായിരുന്നു, ജന്മിവർഗ്ഗത്തിന് ഇക്കാര്യത്തിൽ സഹായകരമായി വന്നത്. ഇവ തന്നെയായിരുന്നു, അടിച്ചമർത്തലിന്റെ ആയുധമായി നിലകെണ്ടിരുന്നത്.

28. The fact was that even women folk, including a man's wife, sisters and daughters were all subject to the whims and fancies of the dominant class males. All art and cultural events that were conducted in the geographical area currently called Kerala, were more or less colluding with this social structuring. So, fanciful words that ennoble social systems and antiquity of doubtful quality cannot be accepted as legal arguments.

28. വാസ്തവം പറയുകയാണെങ്കിൽ, അടിയാന്മാരുടെ ഭാര്യയും, സഹോദരിമാരും, പെൺമക്കളും, ജന്മിവർഗ്ഗത്തിലെ പുരുഷന്മാരുടെ താത്പര്യങ്ങക്ക് തികച്ചും വിധേയരായിരുന്നു. ഈ നാട്ടിലെ മഹനീയമായ

NEXT PAGE
GO BACKWARDS
SEARCH

Details of the Writ
Scientific Observations
Reply to Government Side Contentions
Reply to Dr. Sanoo & others' Contentions

NEXT PAGE
GO BACKWARDS
SEARCH

സംസ്കാരവും, കലകളും, എല്ലാം തന്നെ ഈ സാമുദായിക ചട്ടക്കൂടിനെ അനുകൂലിക്കുന്നവയായിരുന്നു. ഇക്കാരണം കൊണ്ട് തന്നെ, വാസ്തവത്തിന് വിപരീതമായി അവകാശവാദങ്ങൾ കോടതിയിലെ വാദങ്ങളിൽ ഉപയോഗിക്കുന്ന് ശരിയല്ല.

29. An understanding that the various places in current day Kerala had, in days of yore, very egalitarian and pro-people social systems is a very wrong one. Many Malayalam films have aided in creating this feeling of a grand and regal past. Yet, on close examination of these films, one can see the protagonist as a very superior person, who is always surrounded by a cluster of clowns, jesters, jokers and other persons of subordinate individuality. In all senses, these themes carry the essential understanding of a feudal (*Janmi* on top, *kudiyaan* at the bottom) social system.

29. പണ്ട് കാലങ്ങളിൽ കേരളത്തിൽ പൊതുജനങ്ങളെ ബഹുമാനിക്കുന്ന, അവർക്ക് സ്വാതർന്ത്യം നൽകുന്ന, ഒരു സംസ്കാരവും, രാഷ്ട്രീയന്തരീക്ഷവും, ഉണ്ടായിരുന്നു എന്നു പറയുന്നത് ശരിയല്ല. ഇങ്ങനെ ഒരു തെറ്റിധാരണ പരത്തുന്നതിൽ മാലയാള സിനിമക്ക് കാര്യമായ പങ്കുണ്ട്. എന്നാൽ ഈ സിനിമകളെ സക്ഷ്മപരിശോധനക്ക് വിധേയമാക്കുകയാണെങ്കിൽ കാണുന്നകാര്യം ഇതാണ്: ഹീറോ ആയി ഒരാൾ. അയാൾക്ക് ചുറ്റും, വിഢിവേഷം കെട്ടുന്നതും, താമാശക്കരും, വ്യക്തിത്വം കുറഞ്ഞതുമായ ഒരു കൂട്ടം. ഇതുതന്നെയാണ് കേരളത്തിന്റെ യഥാർത്ഥ ചരിത്രപരമായ സംസ്കാരവും. ഹീറോവായ ജന്മി മുകളിലും, കുറെ വ്യക്തിത്വം മാറ്റപ്പെട്ട അടിയാന്മാർ ചുറ്റും.

30. In fact, in the many areas of Malabar and possibly Travancore, in the pre-British period, no group of lowly placed persons could go around with their wares for selling or even with their women beyond the tightly kept, small areas around their houses. Going beyond would surely spell disaster for them, for only persons and groups with prestige, and high class and caste status could move around securely. This petitioner has personally seen the vestiges of this vulnerability in interior areas many years ago. Even now, moving all round India, without proper connections in the administration/police can be dangerous, to a limited extend, to people who come from the low-income bracket.

30. സത്യത്തിൽ ബ്രിട്ടിഷുകാർ വരുന്നതിന് മുമ്പ് മാലബറിൽ (തിരുവിതാംകൂറിലും ഇതുതന്നെയാവാം വാസ്തവം), താഴെക്കിടയിലെ ഏതൊരു വ്യക്തിക്കും, അയാളുടെ, വീടിനുചുറ്റുമുള്ള കുറഞ്ഞ ഇടംവിട്ട് ദൂരങ്ങളിൽ പോയി കച്ചവടം നടത്തുന്നത് അപകടകരമായിരിക്കും. പ്രതാപവും, ജാതിപരമായ ഉന്നതിയും, അങ്ങിനെ ആൾബലവും, ഇല്ലാത്തവർക്ക് വീട്ടിൽ നിന്ന് വിദൂരങ്ങളിൽ തീരെ സുരക്ഷിതത്വം തന്നെയില്ലായിരുന്നു. വാർഷങ്ങൾക്കുമുമ്പ്, ഈ പെറ്റീഷണർ തന്നെ ഈ വിധം താഴെക്കിടയിലെ ആളുകളുടെ ശുരക്ഷയില്ലയ്മ ഉൾനാടൻ

NEXT PAGE
GO BACKWARDS
SEARCH

പ്രദേശങ്ങളിൽ കണ്ടിട്ടുണ്ട്. ഇന്നും, ഇന്ത്യയിൽ സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്നവർക്ക് മതിയായ രാഷ്ട്രീയസ്വാധിനമോ, ഉദ്യോഗസ്ഥബന്ധമോയില്ലാതെ വിദൂരങ്ങളിൽ യാത്രചെയ്യുന്നത് അപകടകരമാണ്.

31. The petitioner clearly understands that all these negative social features are not limited to Kerala alone, but could possibly be true of most places in India and possibly in many other nations also.

